# ക്രൈസ്തവ വനിത

(ഒരു ഗുഡ്ന്യൂസ് എജ്യൂക്കേഷണൽ സൊസൈറ്റി പ്രസിദ്ധീകരണം)

## *Mary Anchan Special Edition*






**പുസ്തകങ്ങൾ ആവശ്യമുള്ളവർ**
**ബന്ധപ്പെടുക**
**9087144349**

**CHRAISTHAVA VANITHA**

*For Private Circulation Only*

Founder Editor
**Annamma Charles John**
(A Good News Educational Society Publication)

**This is a publication solely for the propagation of the Word of God and thus for the encouragement and edification of the people of God**

**Editorial Committee**

**Mrs. Sherine Kingston, Mrs. Jessy Bensen**
**Mrs. Sobha Selin, Mr. George John**

**Articles for publication should be sent to:**
**Mrs. Sherine Kingston, P.O. Box 2501, MCPO**
**Trivandrum 695011 or by email to**
**sherinekingston@gmail.com. Mob : +919087144349**

---

# ഉള്ളടക്കം


* സാരെഫാത്തിലെ വിധവ......................................................മേരി അഞ്ചൻ 2
* പ്രസാധകക്കുറിപ്പ്...............................................................ജോർജ് ജോൺ 5
* മേരി അഞ്ചൻ മഹത്ത്വത്തിൽ......................................ഷെറിൻ കിംഗ്സ്റ്റൺ 6
* യഹോവയാൽ അനുഗ്രഹിക്കപ്പെട്ട....................................എൽസി ബേബി 8
* പ്രത്യാശയോടെ വിട....................................................ജെസ്സി ബെൻസെൻ 11
* ശ്രീമതി മേരി അഞ്ചനെ പരിചയപ്പെടുക..........കുഞ്ഞൂഞ്ഞമ്മ ദാനീയേൽ 12
* നല്ലപോർ പൊരുതി ഓട്ടം തികെച്ചു..........................മോളിക്കുട്ടി ചാക്കോ 16
* ഞങ്ങളുടെ പ്രിയ സഹോദരി............................................ജോർജ് ജോൺ 17
* തുംകൂറിലെ തൂലികയുടെ ചലനാത്മകത.................ഡോ. ഉമ്മൻ ഫിലിപ്പ് 21
* സമയം പകൽ 11 മണി............................................ഡോ. ചാൾസ് ജോൺ 23
* Remembering Mary Anchan...........................................Dr. C. V. John 25
* A Tribute to my Aunt............................................................Lisa Roxon 26
* My Mother...................................................................Harry S. Anchan 28
* Ammini Ammamma..............................................Vinod Charles John 29
* Person Whom I am Fortunate.....................Dr. Raymond M. Anchan 30
* Mary Anchan's Hospital Mission Work at Tumkur, Karnataka........... 32
* യേശുവിന്റെ അമ്മ മറിയയ്ക്കു.........................പാസ്റ്റർ സിബി പി. തോമസ് 34
* ബൈബിൾ ക്വിസ്സ് 4.......................................................................... 36

ആമുഖം

# സാരെഫാത്തിലെ വിധവ

**(1 രാജാ. 17:9-24)**

**മേരി അഞ്ചൻ**



തിരുവചനത്തിൽ പേരിനാൽ അറിയപ്പെടുന്ന ഏകദേശം ഇരുനൂറും (200), പേരു പറഞ്ഞിട്ടില്ലാത്തവരായി മിക്കവാറും അത്രയും തന്നെ സംഖ്യയും സ്ത്രീകളുണ്ട്.

പേരു വെളിപ്പെടുത്തിയിട്ടില്ലാത്ത ഒരു സാധു വിധവ സീദോന് എട്ടു മൈൽ തെക്കുമാറി ഫൊയ്നിക്യയിലെ സാരെഫാത്തിൽ (സാരെപ്താ-ഗ്രീക്ക്) പാർത്തിരുന്നു. ആ സ്ത്രീ ഏലീയാ പ്രവാചകന് അഭയം നല്കി. യിസ്രായേൽ രാജാവായ ആഹാബും രാജ്ഞി ഈസേബെലും പ്രവാചകനെ കൊല്ലുന്നതിന് വേട്ടയാടിക്കൊണ്ടിരുന്ന സന്ദർഭമാണത് എന്ന് ഓർക്കണം. ധീരയായ ഈ വിധവയെക്കുറിച്ച് വിശദവിവരങ്ങൾ അജ്ഞാതം!

ആഹാബിന്റെകാലത്ത് യിസ്രായേലിന്റെ പാപം ഏറ്റവും വർദ്ധിച്ചു. ദൈവത്തെ മറന്ന് ബാലിനെയും അശേരപ്രതിഷ്ഠകളെയും, പൂജാഗിരികളെയും അഭയം പ്രാപിച്ചതിനാൽ യഹോവയുടെ കോപം ജ്വലിച്ചു. രണ്ടരവർഷത്തോളം നീണ്ടുനിന്ന ക്ഷാമം, ദേശത്തു മഞ്ഞും, മഴയുമില്ലാതെ ജനങ്ങൾ കഷ്ടപ്പെട്ടു. "യിസ്രായേലിന്റെ ദൈവമായ യഹോവയാണ ഞാൻ പറഞ്ഞല്ലാതെ ഈയാണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകയില്ല" എന്നു പ്രവചിച്ച ഏലിയാപ്രവാചകൻ പ്രാണരക്ഷാർത്ഥം യോർദ്ദാനുകിഴക്കുള്ള കെരീത്ത് തോട്ടിന്നരികെ ഒളിച്ചിരുന്നു.

അവിടെ അവനു ഭക്ഷണം നല്കുവാൻ യഹോവ ഒരു കാക്കയോടു കല്പിച്ചിരുന്നു. കാക്ക രാവിലെയും, വൈകിട്ടും കൊണ്ടുവന്ന അപ്പവും, മാംസവും തിന്നും, തോട്ടിലെ വെള്ളം കുടിച്ചും പ്രവാചകൻ ദിവസങ്ങൾ കഴിച്ചു. എന്നാൽ ഒരു നാൾ തോടും വറ്റിപ്പോയി. യഹോവ പ്രവാചകനെ സാരെഫാത്തിലേക്ക് അയച്ചു, നിന്നെ പുലർത്തേണ്ടതിന് അവിടെയുള്ള ഒരു വിധവയോടു ഞാൻ കല്പിച്ചിരിക്കുന്നു. കാക്കയെ

ക്കൊണ്ടു പുലർത്തിയ ദൈവത്തിന് വിധവയെക്കൊണ്ട് പോഷിപ്പി ക്കാനും കഴിയും. ഏലിയാവ് സാരെഫാത്തിനെ ലക്ഷ്യമാക്കി നടന്നു.

അന്ന് പ്രവാചകന്മാരെ നശിപ്പിച്ചുകൊണ്ടിരുന്ന ഈസേബെൽ സീദോൻ രാജാവിന്റെ മകളായിരുന്നു. സ്വന്ത നാടായ യിസ്രായേലിൽ സുരക്ഷിതത്വമില്ലാതിരുന്ന പ്രവാചകനെ യഹോവ ശത്രുരാജ്യമായ സീദോനിലേക്കാണ് ഒളിവിൽ അയയ്ക്കുന്നത്. സീദോനിലെ സാരെ ഫാത്ത് എന്ന സ്ഥലത്തെ ഒരു വിധവയുടെ അടുക്കലേക്ക്! ഒന്നാമത് ഈസേബെലിന്റെ പിതാവിന്റെ രാജ്യം. അടുത്തതായി ഏകാകിനിയും നിസ്സഹായയുമായ ഒരു വിധവയുടെ അടുത്തേക്ക്! ദൈവം അത്ഭുത ങ്ങളുടെ ദൈവം! ഒന്നുമില്ലായ്മയിൽ നിന്ന് സമൃദ്ധി പ്രദാനം ചെയ്യുന്നു, ശൂന്യതയിൽനിന്ന് സൃഷ്ടിക്കുന്നു, മരണത്തിൽ നിന്ന് ജീവൻ സംപ്രാ പ്തമാക്കുന്നു. ഈ ദൈവം എന്നും എന്നേക്കും നമ്മുടെ ദൈവമാകുന്നു.

യിസ്രായേലിൽ അനേകം വിധവമാർ ഉണ്ടായിരുന്നിട്ടും സാരെ ഫാത്തിലെ വിധവയുടെ അടുത്തേക്കാണ് ഏലിയാവിനെ അയച്ചത്. അവൾ പട്ടണവാതിൽക്കൽ തന്നെ ഉണ്ടായിരുന്നു. അവളെ പോറ്റിപ്പു ലർത്തിയ ഭർത്താവു മരിച്ചുപോയി. സഹായത്തിന് ആരും ഉണ്ടായിരു ന്നില്ല. മാത്രമല്ല, ഒരു മകനെക്കൂടെ പോറ്റേണ്ട ഭാരം അവൾക്കുണ്ടാ യിരുന്നു. "കലത്തിൽ ഒരു പിടിമാവും, തുരുത്തിയിൽ അല്പം എണ്ണ യും ഉണ്ടായിരുന്നതുകൊണ്ട് അവസാനത്തെ അപ്പമുണ്ടാക്കി തിന്നിട്ട് മരിക്കാൻ തയ്യാറാവുന്ന മാതാവും ഏകപുത്രനും" പാകം ചെയ്യാൻ വിറകില്ല. പട്ടണവാതിൽക്കൽ അങ്ങുമിങ്ങും നടന്ന് വിറകു കഷണങ്ങൾ പെറുക്കിക്കൊണ്ടിരുന്ന ആ വിധവയുടെ മുമ്പാകെ ഒരു അപരിചിതൻ. ജലാശയങ്ങളിൽപോലും വെള്ളം അസുലഭവസ്തുവായി പരിണമി ച്ചിരുന്ന കാലം! പ്രവാചകൻ സ്ത്രീയോട് കുടിപ്പാൻ വെള്ളം ആവശ്യ പ്പെടുന്നു. വെള്ളം കൊണ്ടുവരാൻ നടന്നകലുന്ന സ്ത്രീയോട് "ഒരു കഷണം അപ്പം കൂടെ കൊണ്ടുപോരണേ" പ്രവാചകൻ അഭ്യർത്ഥിച്ചു, "നിന്റെ ദൈവമായ യഹോവയാണ കലത്തിൽ ഒരു പിടിമാവും, തുരു ത്തിയിൽ അല്പം എണ്ണയും മാത്രമല്ലാതെ എനിക്കു ഒന്നുമില്ല. ഞാൻ ഇതാ രണ്ടു വിറകുപെറുക്കുന്നു. ഇതുകൊണ്ടുചെന്ന് എനിക്കും മകനും വേണ്ടി ഒരുക്കി അതു തിന്നിട്ട് മരിക്കാനിരിക്കയാണ്" സ്ത്രീ പ്രതി വചിച്ചു.

പ്രവാചകനാകട്ടെ ആ സ്ത്രീക്ക് ഉറപ്പു നല്കുന്നു. "യഹോവ ഭൂമിയിൽ മഴ പെയ്യിക്കുന്നതുവരെ നിന്റെ കലത്തിലെ മാവും തുരു ത്തിയിലെ എണ്ണയും കുറഞ്ഞുപോകയില്ല" എന്നു യിസ്രായേലിന്റെ

ദൈവമായ യഹോവ അരുളിച്ചെയ്യുന്നു.  ഈ വാക്കുകൾ അവിതർക്കിതമായും, പൂർണ്ണമായും അവൾ വിശ്വസിച്ചു. ഒരു അപ്പമുണ്ടാക്കി ദൈവപുരുഷനു നല്കി. വിശ്വാസം, സ്വാർത്ഥപരിത്യാഗം എന്നീ ഗുണങ്ങളുടെ മകുടോദാഹരണമാണ് നാം ഇവിടെ കാണുന്നത്. ഒരു പുറജാതിസ്ത്രീ യിസ്രായേലിന്റെ ദൈവമായ യഹോവയിലും, അവന്റെ പ്രവാചകനിലും വിശ്വാസം അർപ്പിക്കുന്നു. അതിന്റെ പ്രതിഫലം അവൾക്കു ലഭിക്കുകയും ചെയ്തു.

അവനും അവളും 'അവളുടെ വീട്ടുകാരും' ഏറിയനാൾ അഹോവൃത്തി കഴിച്ചു. അവളുടെ വീട്ടിൽ അവളും ഏകമകനും മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ 'വീട്ടുകാർ'  എന്ന പദം അവളുടെ ബന്ധത്തിലുള്ളവരെ കുറിക്കുന്നു.  അവളുടെ പ്രവൃത്തിയുടെ ഫലം അവളുടെ വീട്ടുകാർക്കും ലഭിച്ചു.

എന്നാൽ ഒരു ദിവസം ആ വിധവ മഹാദുഃഖത്തിലായി. ഏകമകൻ മരിച്ചുപോയി. അവൾ ദൈവപുരുഷനെ സമീപിക്കുന്നു. ക്ഷാമകാലത്ത് ഈ സ്ത്രീ പ്രവാചകന്റെ  വാക്കനുസരിച്ചു; ദൈവത്തിന്റെ മഹത്ത്വം അനുഭവിച്ചറിഞ്ഞു. സ്വർഗ്ഗത്തിലെ ഭണ്ഡാരഗൃഹങ്ങൾ തുറന്ന് അവൾക്കു ധനസമ്പത്തു നല്കിയ യഹോവ അവളുടെ മരിച്ചവനെ ഉയിർപ്പിച്ചു. വിശ്വാസത്താൽ സമൃദ്ധിയും, ജീവനും നല്കുന്ന ദൈവത്തിൽ അവൾ ആശ്രയിച്ചു, "നീ ദൈവപുരുഷൻ എന്നും നിന്റെ നാവിന്മേലുള്ള  യഹോവയുടെ വചനം സത്യമെന്നും ഞാൻ ഇതിനാൽ അറിയുന്നു".

സാരെഫാത്തിലെ വിധവയുടെ കാലശേഷം ഒൻപതു ശതാബ്ദങ്ങൾ കഴിഞ്ഞ് യേശുക്രിസ്തുതന്നെ അവളെക്കുറിച്ച് പ്രസ്താവിക്കുന്നു (ലൂക്കൊ. 4:25-26). ദൈവത്തിന്റെ ഉദ്ദേശ്യങ്ങളെ നിറവേറ്റാൻ പലപ്പോഴും നിസ്സാര മാർഗ്ഗങ്ങൾ അവൻ തിരഞ്ഞെടുക്കുന്നു. ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ഭോഷത്വമായതു തിരഞ്ഞെടുത്തു, ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു. (1 കൊരി. 1:27) ഏലീയപ്രവാചകനെ പോഷിപ്പിക്കാനും ക്ഷാമകാലത്തും ക്ഷേമമായി കാത്തുസൂക്ഷിക്കുന്നതിനും ഒരു കാക്കയെയും, ദരിദ്രയായ വിധവയെയും അവൻ തിരഞ്ഞെടുത്തു. ബലഹീനരായ നമ്മുടെ നിസ്സാരമായ താലന്തുകളെ ബലവാനായ കർത്താവിന്റെ മുമ്പിൽ സമർപ്പിക്കാം. അവൻ നമ്മെ ഇണങ്ങിയ ആയുധങ്ങളായി തിരുനാമ മഹത്ത്വത്തിന് ഉപയോഗിക്കട്ടെ. അവന്റെ നാമത്തിനു സ്തോത്രം.

●

# പ്ര സാ ധ ക ക്കു റി പ്പ്

ഷെറിൻ കിംഗ്സ്റ്റൻ - *ചീഫ് എഡിറ്റർ*
ജെസ്സി ബെൻസെൻ - *എഡിറ്റോറിയൽ കമ്മിറ്റി അംഗം*

ക്രൈസ്തവവനിതയുടെ ചീഫ് എഡിറ്റർ ശ്രീമതി മേരി അഞ്ചന്റെ ആകസ്മികദേഹവിയോഗം മൂലം മാസികയുടെ പത്രാധിപസമിതി പുനഃസംഘടിപ്പിക്കാൻ ഞങ്ങൾ നിർബ്ബന്ധിതരായി. തദനുസൃതമായി കഴിഞ്ഞ 35-ഓളം വർഷമായി ഗുഡ്ന്യൂസ് മിനിസ്ട്രീസിൽ വിവിധ നിലകളിൽ ഉത്തരവാദിത്തപ്പെട്ട ചുമതലകൾ സ്തുത്യർഹമായി നിർവ്വഹിച്ചിട്ടുള്ള ശ്രീമതി ഷെറിൻ കിംഗ്സറ്റൻ സർവ്വഥാ അർഹിക്കുന്ന ഉത്തരവാദിത്തമാണ് വനിതയുടെ ചീഫ് എഡിറ്റർ എന്ന പദവി.

ശ്രീമതി ജെസ്സി ബെൻസെനെ പരിചയപ്പെടുത്തേണ്ട ആവശ്യമില്ല. ക്രൈസ്ത വനിതയുടെ മുമ്പു ഞങ്ങൾ പ്രസിദ്ധീകരിച്ചിരുന്ന ഗുഡ് ന്യൂസ് അപ്ഡേറ്റ് മുതൽ ഈടുറ്റ ലേഖനങ്ങൾ എഴുതി അനുവാചക ഹൃദയങ്ങളെ ഹഠാദാകർഷിച്ചിട്ടുള്ള വ്യക്തിയാണ് ശ്രീമതി ബെൻസെൻ. ക്രൈസ്തവ സാഹിത്യ നഭോമണ്ഡലത്തിൽ അതീവശോഭയോടെ പരിലസിക്കുന്ന ശ്രീമതി ബെൻസെനെ എഡിറ്റോറിയൽ കമ്മിറ്റി അംഗമായി സ്വാഗതം ചെയ്യുന്നതിൽ ഞങ്ങൾ അതീവസന്തുഷ്ടരാണ്.

ഗുഡ്ന്യൂസുമായി സജീവ ബന്ധം പുലർത്തുന്ന ശ്രീമതി ശോഭാ സെലിൻ, ഗുഡ് ന്യൂസ് മിനിസ്ട്രീസിന്റെ പേട്രൺ ആയ ശ്രീ ജോർജ് ജോൺ എന്നിവരാണ് എഡിറ്റോറിയൽ കമ്മിറ്റിയിലെ മറ്റു അംഗങ്ങൾ.

പുതിയ എഡിറ്റോറിയൽ കമ്മിറ്റിക്ക് സകലവിധ ഭാവുകങ്ങളും ആശംസിച്ചുകൊള്ളുന്നു. തുടർന്നും അനുവാചക സഹകരണം അനുസ്യൂതം പ്രതീക്ഷിച്ചുകൊണ്ട്,

**ജോർജ് ജോൺ**
നവംബർ 15, 2025 പ്രസാധകൻ

# മേരി അഞ്ചൻ മഹത്ത്വത്തിൽ



**ഷെറിൻ കിംഗ്സ്റ്റൺ**
**(ചീഫ് എഡിറ്റർ)**

തിരുവനന്തപുരം ഗുഡ്ന്യൂസ് മിനിസ്ട്രീസ് പ്രസിദ്ധീകരണമായ ക്രൈസ്തവ വനിത മാസികയുടെ ചീഫ് എഡിറ്റർ ശ്രീമതി മേരി അഞ്ചൻ 19-10-2025 രാവിലെ 9 മണിക്ക് താൻ പ്രിയംവച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. 25-10-2025-ൽ സംസ്കാര ശുശ്രൂഷ മക്കളുടെയും, സഹോദരങ്ങളുടെയും, ബന്ധുമിത്രാദികളുടെയും, മറ്റ് അനേകദൈവമക്കളുടെയും സാന്നിധ്യത്തിൽ തുംകൂറിൽ വളരെ അനുഗ്രഹകരമായി നടത്തപ്പെട്ടു.

വെണ്ണിക്കുളം വാളക്കുഴി ശാന്തി സദനിൽ പണ്ഡിറ്റ് എം. എം. ജോൺ - മറിയം ജോൺ ദമ്പതികളുടെ രണ്ടാമത്തെ മകളായി 1927 ആഗസ്റ്റ് മാസം 31-ാം തിയതി ജനിച്ചു. യൗവനകാലത്തുതന്നെ സുവിശേഷപ്രവർത്തനങ്ങളിൽ വ്യാപൃതയായിരുന്നു. കോളേജ് വിദ്യാഭ്യാസം പുർത്തീകരിക്കുന്നതിനുമുമ്പുതന്നെ സുവിശേഷവേലയ്ക്ക് പോകാനുള്ള താൽപര്യം ഉണ്ടായിരുന്നു. തന്റെ ആഗ്രഹത്തിന്റെ ബഹിർസ്ഫുരണമായി താനെഴുതിയ ഒരു ലേഖനം അക്കാലത്തെ ഒരു പ്രമുഖ ക്രൈസ്തവപ്രസിദ്ധീകരണമായ ആത്മബോധിനിയിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. പാസ്റ്റർ പി.ജെ.ഫിലിപ്പ് എന്ന പ്രഗത്ഭനായ വ്യക്തി പ്രസിദ്ധീകരിച്ചിരുന്നതും ഈടുറ്റ ലേഖനങ്ങൾ മാത്രം ഉൾക്കൊണ്ടിരുന്നതുമായ പ്രസ്തുത മാസികയിൽ ഒരു കൗമാരപ്രായക്കാരിയുടെ ലേഖനം ഇടംപിടിച്ചത് അനുവാചകരെ അത്ഭുതപ്പെടുത്തി.

ഏകദേശം 23 വർഷം ഗുഡ്ന്യൂസ് അപ്ഡേറ്റ് എന്ന മാസികയിൽ സ്ഥിരമായി എഴുതിയിരുന്നു. അതിനുശേഷം 2008 ജൂലൈ മാസം മുതൽ ക്രൈസ്തവ വനിത എന്ന പേരിൽ മാസിക വീണ്ടും ആരംഭിച്ചു. അതിലും സ്ഥിരം എഴുത്തുകാരി ആയിരുന്നു ആ മാന്യ വ്യക്തി. 40-ൽ പരം വർഷങ്ങൾ ഗുഡ് ന്യൂസ് അപ്ഡേറ്റ്, ക്രൈസ്തവ വനിത എന്നീ മാസികകളിൽ തന്റെ ഈടുറ്റ, കാലികപ്രസക്തിയുള്ള ലേഖനങ്ങൾ ക്രൈസ്തവ കൈരളിക്ക് സംഭാവന ചെയ്തിട്ടുണ്ട്. കൂടാതെ മറ്റ് അനേക മാസികകളിലും ലേഖനങ്ങൾ എഴുതിയിട്ടുണ്ട്.

വേദവനിതകൾ, ദൂതന്മാർ, വിശ്വാസത്തിന്റെ ബലിപീഠത്തിൽ, ബൈബിൾ മനസ്സിലാക്കുക, നരകത്തിൽ നിന്നു നാകത്തിലേക്ക് തുടങ്ങി അനവധി പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. തന്റെ കഴിഞ്ഞകാല ജീവിതാനുഭവങ്ങളുടെ ഒരു തിരിഞ്ഞുനോട്ടം എന്നോണം 2015-ൽ വന്ന വഴികളിലേക്ക് ഒരു തിരിഞ്ഞുനോട്ടം എന്ന പുസ്തകം എഴുതുകയും അത് പ്രസിദ്ധീകരിക്കുകയും ചെയ്തു.

തന്റെ ഒരു വലിയ സ്വപ്നത്തിന്റെ സാക്ഷാത്കാരത്തിന് തുടക്കം കുറിക്കുവാൻ സാധിച്ചു. എന്നാൽ അതിന്റെ പൂർത്തീകരണം കാണുവാൻ സാധിച്ചില്ല എന്ന ഒരു വലിയ വിഷമം നമുക്കുണ്ട്.

കർണ്ണാടകത്തിലെ ഉഡുപ്പി സ്വദേശി സുവിശേഷകൻ ചാൾസ് അഞ്ചനുമായിട്ടുള്ള തന്റെ വിവാഹം 1951 ഏപ്രിൽ മാസം 30-ാം തിയതി നടന്നു. അതിനുശേഷം സുവിശേഷപരമായ പ്രവർത്തനങ്ങളിൽ കൂടുതൽ സമയം ഏർപ്പെട്ടിരിക്കുന്നു. വേദപുസ്തകസംബന്ധമായ സാമാന്യം നല്ല ജ്ഞാനം ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നുള്ള ബോധ്യത്തിൽ കർണ്ണാടകയിലെ കോളാറിൽ ഉണ്ടായിരുന്ന സൗത്ത് ഇൻഡ്യാ ബൈബിൾ ഇൻസ്റ്റിട്യൂട്ടിൽ ചേർന്ന് പഠിക്കുകയും തദ്വാരാ സുവിശേഷവേലയ്ക്കുള്ള അടിത്തറ പാകുകയും ചെയ്തു. ആതുര ശുശ്രൂഷയോടുകൂടിയുള്ള സുവിശേഷപ്രവർത്തനം എന്ന ആശയത്തിൽ 1968-ൽ പാവപ്പെട്ടവരുടെ വൈദ്യസഹായത്തിനായി ഒരു ഹോസ്പിറ്റൽ സ്ഥാപിക്കുകയുണ്ടായി. കർണ്ണാടകയിൽ തൂംകൂർ എന്ന സ്ഥലത്ത് "റിം ഹോസ്പിറ്റൽ" എന്ന പേരിൽ അത് അറിയപ്പെടുന്നു. തന്റെ ജീവിതവും, പ്രവർത്തനങ്ങളുമെല്ലാം ആതുരസേവനരംഗത്ത് മാറ്റങ്ങൾ സൃഷ്ടിച്ചു.

ഗുഡ്ന്യൂസ് അപ്ഡേറ്റ്, ക്രൈസ്തവ വനിത എന്നീ മാസികകളിൽ തന്റെ ഈടുറ്റ, കാലിക പ്രസക്തിയുള്ള ലേഖനങ്ങൾ ക്രൈസ്തവകൈരളിക്ക് സംഭാവന ചെയ്തിട്ടുണ്ട്. ഏകദേശം 7 വർഷക്കാലം ക്രൈസ്തവ വനിതയുടെ ചീഫ് എഡിറ്റർ ആയിരുന്നു. ഗുഡ്ന്യുസിനും, ക്രൈസ്തവ വനിത എഡിറ്റോറിയൽ ബോർഡിനും ഉണ്ടായിട്ടുള്ള നഷ്ടം നികത്താനാകാത്തതാണ്. ഇവ കൂടാതെ മറ്റ് അനേക മാസികകളിലും ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. സഹോദരിയുടെ ഓരോ ലേഖനവും ചിന്തിപ്പിക്കുന്നതും, അനേകം ആത്മാക്കളെ മാനസാന്തരത്തിലേക്കു നയിക്കുന്നതിനും, ജീവിത വ്യതിയാനത്തിനും ഇടയാക്കിയിട്ടുണ്ടെന്നുള്ളതിൽ രണ്ടു പക്ഷമില്ല. സുവിശേഷത്തോടും, സുവിശേഷപ്രവർത്തനങ്ങളോടും തനിക്കുണ്ടായിരുന്ന അനിതരസാധാരണമായ അഭിനി

ശേഷം പേജ് 10 കാണുക

# "യഹോവയാൽ അനുഗ്രഹിക്കപ്പെട്ട ഉത്തമസ്ത്രീ"



## എത്സി ബേബി, ന്യൂ യോർക്ക്

'യഹോവയാൽ അനുഗ്രഹിക്കപ്പെട്ട ഉത്തമ സ്ത്രീ' എന്ന് ആരാലും പ്രശംസിക്കപ്പെട്ട എന്റെ ഉറ്റ മിത്രവും, ക്രിസ്തുവിൽ സഹോദരിയുമായ മിസിസ്സ് മേരി അഞ്ചനേക്കുറിച്ച് ഒരനുസ്മരണം എഴുതേണ്ടി വന്നതിൽ ദുഃഖിക്കുന്നതോടൊപ്പം സന്തോഷിക്കയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

ദീർഘ 98 വർഷം ഈ ഭൂമിയിൽ ജീവിച്ചിരുന്ന് സ്തുത്യർഹമാം വിധം അനേകർക്ക് ആത്മിക പ്രചോദനം നല്കി കർത്തൃസേവയിൽ തന്റെ ജീവിതം സ്വയം സമർപ്പിച്ച പ്രിയ സഹോദരി മേരി അഞ്ചനേക്കുറിച്ച് എത്ര വിവരിച്ചാലും മതി വരികയില്ല. ക്രിസ്തു വിശ്വാസികളാൽ വളർത്തപ്പെട്ട മേരി തന്റെ ചെറുപ്രായത്തിൽ തന്നെ കൃപയാലെ വിശ്വാസം മൂലം ക്രിസ്തുവിനെ തന്റെ സ്വന്തം കർത്താവും രക്ഷിതാവുമായി അംഗീകരിച്ച് തന്റെ ജീവിതം കർത്തൃസേവയ്ക്കായി സ്വയം സമർപ്പിച്ചു. 1951-ൽ കർത്തൃസേവയിൽ സ്വയം സമർപ്പിക്കപ്പെട്ട കർത്തൃദാസൻ ചാൾസ് സഞ്ചീവ് അഞ്ചനുമായി വിവാഹിതയായി മൈസൂരിലും തുടർന്ന് തുംകൂറിലും താമസിച്ച് കുടുംബസമേതം കഴിഞ്ഞ 75 വർഷത്തോളം വിവിധ നിലകളിൽ കർത്താവിനു പ്രയോജനപ്പെട്ട ഒരു മാനപാത്രമായിത്തീർന്ന സഹോദരിയേക്കുറിച്ച് എത്ര വിവരിച്ചാലും മതിവരികയില്ല എന്നതാണ് യാഥാർത്ഥ്യം. ദൈവം തനിക്കു നല്കിയ കൃപാവരങ്ങൾ നിരവധിയാകുന്നു. അവയെക്കൊണ്ട് വിശ്വസ്തയോടെ ജീവിതാന്ത്യം വരെ വ്യാപാരം ചെയ്ത് "നല്ലവളും വിശ്വസ്തയുമായ ദാസിയേ" എന്ന വിളിക്കു യോഗ്യതയുള്ളവളായി വിശ്വാസികളുടെയും, അവിശ്വാസികളുടെയും ഇടയിൽ ദൈവത്തിന് ക്രിസ്തുവിന്റെ സൗരഭ്യവാസനയായി ജീവിച്ച് തന്റെ കിരീടങ്ങളും, പ്രതിഫലങ്ങളും വാരിക്കൂട്ടുവാൻ തന്റെ യജമാനന്റെ വിളികേട്ട് സന്തോഷത്തോടെ തന്റെ 98-ാം വയസ്സിൽ കർത്തൃസന്നിധിയിലേക്ക് കരേറിപ്പോയ സഹോദരി മേരി അഞ്ചനേപ്പോലെ ഒരു സഹോദരി ബ്രദറൺ സമൂഹത്തിൽ ജീവിച്ചിരുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. തനിക്കു കർത്താവു ദാനമായി നല്കിയ എഴുതുവാനുള്ള കഴിവ് ഒട്ടും തന്നേ വൃഥാവാക്കാതെ ലേഖനങ്ങൾ എഴുതി മാസികകളിൽ പ്രസിദ്ധീകരിച്ചതോടെ ക്രിസ്തീയസഹോദരിമാരുടെയിടയിൽ പ്രശംസിക്കപ്പെട്ട ചുരുക്കം ചില

സഹോദരിമാരിൽ ഒരുവളായി ശോഭിക്കപ്പെട്ടു. തുടർന്ന് എകദേശം 10 -11 വിശിഷ്ട ഗ്രന്ഥങ്ങളുടെ ഉടമയായതോടെ തന്റെ കൃപാവരങ്ങൾ ജ്വലിപ്പിക്കപ്പെട്ടു. നാലു ആൺമക്കളുടെ അമ്മയായി തന്റെ മക്കളെ തിരു വചനപ്രകാരം കർത്താവിനു പ്രയോജനമുള്ള മക്കളായി നല്ല വിദ്യാ ഭ്യാസം നല്കി ക്രിസ്തുവിനു പ്രയോജനമുള്ള മക്കളായി വളർത്തു വാനും അവരുടെ പ്രശംസിക്കപ്പെട്ട കുടുംബജീവിതം നയിക്കുന്നതു കാണുവാനും കേൾക്കുവാനും തനിക്കിടയായതു ദൈവാനുഗ്രഹമായി കരുതുന്നതോടൊപ്പം മറ്റുള്ളവർക്കു മാതൃകയായി അവശേഷിക്കുന്നു. കർത്തൃവേലയിൽ വിശ്രമമില്ലാതെ പ്രവർത്തിച്ചുകൊണ്ടിരുന്നു തന്റെ ഭർത്താവിനു തക്ക തുണയായി "അക്വിലാവു പ്രിസ്ക്കില്ലമാരേപ്പോലെ സ്തുത്യർഹമാംവിധം കർത്തൃസേവയോടൊപ്പം നല്ല ഒരു മാതൃകാ കുടുംബം നയിച്ച പ്രിയ സഹോദരിയുടെ കഴിവൊന്നു വേറെയായി രുന്നു.

ഏകദേശം ഒരു വർഷം മുമ്പ് തന്റെ പ്രിയ ഭർത്താവിന്റെ വിയോഗം തന്നെ തളർത്തി എങ്കിലും തുംകൂറിൽ തങ്ങൾ ആരംഭിച്ച "പാലിയേറ്റീവ് കെയറും" മെഡിക്കൽ ശുശ്രൂഷയും വിഘ്നംകൂടാതെ തുടരുവാൻ സഹോദരിക്കിടയായി എന്നത് പ്രശംസനീയം തന്നെ. അതോടൊപ്പം തന്റെ ഇളയമകൻ Dr. Raymond ന്റെ അകാലവിയോഗം ആ മാതാവിനെ തളർത്തിക്കളഞ്ഞു എന്നു പറയാതിരിക്കാൻ തരമില്ല. വാർദ്ധക്യത്തി ന്റേതായ ക്ഷീണം തനിക്കുള്ളപ്പോഴും "എന്റെ പ്രിയമകന്റെ കഷ്ടതക ളും, വേദനകളും മാറി അവൻ നിത്യതയിൽ വിശ്രമിക്കുന്നു" എന്നു പറഞ്ഞ് ആ മാതാവ് ആശ്വാസം കണ്ടെത്തി.

ഞങ്ങൾ തമ്മിൽ ഇടവിടാതെ ആശയവിനിമയം ചെയ്യുന്നുണ്ടാ യിരുന്നു. ചില ആഴ്ചകൾക്കുമുമ്പ് എനിക്കയച്ച സന്ദേശത്തിൽ ഇപ്ര കാരം എഴുതി. 'ഞാനിപ്പോഴും കിടക്കയിലായിരിക്കുന്നു. വേദനകളും പ്രയാസങ്ങളും ഉണ്ടെങ്കിലും ഞാൻ എപ്പോഴും വായനയിൽ എന്റെ സമയം ചെലവഴിക്കുന്നു. എന്റെ കൈവശം ഇപ്പോൾ ഏകദേശം 150 -ൽപരം പ്രശസ്ത പുസ്തകങ്ങളുണ്ട്. അവയെല്ലാം ഞാൻ പാലിയേ റ്റീവ് കെയർ സെന്ററിലേക്ക് സംഭാവന ചെയ്യുകയാണ്, അവയെല്ലാം ഞാൻ വായിച്ച് പ്രധാന വിഷയങ്ങൾ എഴുതി സൂക്ഷിച്ചിട്ടുണ്ട്. എന്റെ കൈയിൽ പല ഭാഷകളിലുള്ള വേദപുസ്തകങ്ങളും, ബൈബിൾ കമന്റ റികളും, കൺകോഡൻസുകൾ, എൻസൈക്ലോപീഡിയാ, പലരുടെ ജീവി തകഥകളടങ്ങിയ പുസ്തകങ്ങളുണ്ട്. അവയെല്ലാം എന്റെ പ്രിയ മകൻ Raymond തന്നതാകുന്നു. ഞാൻ ഏകദേശം 11-ൽ പരം പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. എന്റെ പിതാവിന്റെ ജീവചരിത്രം, ബില്ലിഗ്രഹാം, നെൽസൺ മണ്ടേല, അബ്ദുൾകലാം എന്നിവരേക്കുറിച്ചും എഴുതിയി

ട്ടുണ്ട്. ഇപ്പോൾ കൈവിരലുകളുടെ വേദനമൂലം എഴുതാൻ പറ്റുന്നില്ല'. തന്റെ ജീവിതാന്ത്യത്തിൽ എനിക്കയച്ച ഈ സന്ദേശം തന്റെ അന്ത്യവാക്കുകളാണെന്നും, തന്റെ സീയോൻ യാത്രയുടെ അന്ത്യമാണെന്നും ഞാനറിഞ്ഞില്ല. അതുകൂടാതെ ഞാനെഴുതിയ എന്റെ ജീവചരിത്രം കിട്ടിയാൽ കൊള്ളാമെന്നും, തനിക്കു വേണ്ടി പ്രാർത്ഥിക്കണമെന്നും പറഞ്ഞു. പക്ഷേ എന്റെ പുസ്തകം കൈയിലെത്തുംമുമ്പേ താൻ യാത്രയായി. അവസാനമായി October 28-നു നടക്കാനിരുന്ന 'NIRAM' (RIMH) എന്ന പാലിയേറ്റിവ് കെയറിന്റെ സമർപ്പണത്തിന്റെ ക്ഷണവും അയച്ചുതന്നു. പക്ഷെ അതിനു മുമ്പ് October 19-ന് തന്റെ യജമാനന്റെ വിളികേട്ട് ഒട്ടും താമസിക്കാതെ തന്റെ പുരസ്ക്കാരങ്ങളും, കിരീടങ്ങളും വാങ്ങിക്കൂട്ടുവാൻ എന്റെ പ്രിയ സഹോദരി നിത്യതയിലേക്കു ചേർക്കപ്പെട്ടു. സ്തോത്രം. ഇത്ര നല്ല സാക്ഷ്യം പുലർത്തി, വിശ്വസ്തതയോടെ നീണ്ട 75 വർഷം രക്ഷിതാവിനെ സേവിച്ച ഒരു "ഉത്തമ സ്ത്രീ" നമ്മുടെ ഇടയിൽ ഉണ്ടായിരുന്നോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പ്രിയ സഹോദരി നമുക്കു നല്കിയ മാതൃക നമുക്കനുകരിക്കാം.

സർവ്വാശ്വാസങ്ങളുടേയും പിതാവു തന്റെ ദിവ്യസമാധാനത്താൽ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളേയും, സഹോദരങ്ങളേയും ആശ്വസിപ്പിക്കട്ടെ എന്ന പ്രാർത്ഥനയോടെ തൽക്കാലം നിർത്തുന്നു. ●

---

പേജ് 7 ന്റെ തുടർച്ച (മേരി അഞ്ചൻ മഹത്ത്വത്തിൽ)

വേശം പില്ക്കാലത്ത് പ്രസിദ്ധീകരിക്കപ്പെട്ട നിരവധി ലേഖനങ്ങളിലൂടെയും പത്തോ അതിലധികമോ ഗ്രന്ഥങ്ങളിൽ കൂടെയും പ്രസ്പഷ്ടമാക്കുന്നതിന് തനിക്ക് സാധിച്ചിട്ടുണ്ട്. അവസാനനാളുകളിലും തന്റെ സ്വന്തം കൈപ്പടയിൽ തന്നെ ലേഖനങ്ങൾ എഴുതി മാസികയിൽ പ്രസിദ്ധീകരിക്കുവാൻ അയച്ചു തരുമായിരുന്നു.

2024-ൽ എനിക്ക് വീണ്ടും ഒരിക്കൽ കൂടി കുടുംബമായി അവരെ നേരിൽ കാണുവാൻ സാധിച്ചു. ആന്റിയുടെ സ്നേഹസത്ക്കാരവും, കൊച്ചു കൊച്ചു സമ്മാനങ്ങളും ഒക്കെ സ്വീകരിക്കുവാനും സാധിച്ചു. കൂടാതെ ആന്റിയുടെ സ്വപ്ന സാക്ഷാത്ക്കാരമായ പാലിയേറ്റിവ് കെയർ സെന്റർ നേരിട്ട് കാണുവാനും സാധിച്ചു.

"അവസാനം വരുവോളം പൊയ്ക്കൊൾക, നീ വിശ്രമിച്ച് കാലാവസാനത്തിങ്കൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റു വരും." (ദാനിയേൽ 12:13) നിത്യതയുടെ തീരത്ത് വീണ്ടും കാണാം എന്ന പ്രത്യാശയോടെ നമുക്ക് ആയിരിക്കാം. ദുഃഖത്തിലായിരിക്കുന്ന ഏവരെയും കർത്താവ് ആശ്വസിപ്പിക്കട്ടെ. ●

# പ്രത്യാശയോടെ വിട

## ജെസ്സി ബെൻസെൻ, കൊച്ചി



ക്രൈസ്തവ സാഹിത്യ കൈരളിക്ക് വിലമതിക്കാനാവാത്ത സംഭാവനകൾ നല്കിയ ഒരു ശ്രേഷ്ഠ വനിതയായിരുന്നു കർത്തൃസന്നിധിയിലേക്കു വിടവാങ്ങിയ മിസിസ്സ് മേരി അഞ്ചൻ. 'ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു" (2 തിമൊ. 4:7) എന്നു ധൈര്യത്തോടെ പറയാവുന്ന വിധം ഫലസമൃദ്ധമായിരുന്നു ചാൾസ് അഞ്ചൻ-മേരി അഞ്ചൻ ദമ്പതികളുടെ സുവിശേഷപ്രവർത്തനങ്ങൾ.

ഇരുപത്തൊന്നാം വയസ്സിൽ ആരംഭിച്ച സാഹിത്യ രചന തൊണ്ണൂറ്റെട്ടാം വയസ്സിലും തുടർന്നിരുന്നു എന്നത് ആശ്ചര്യകരം തന്നെയാണ്. നൂറ്റാണ്ടോടടുത്ത ജീവിതയാത്രയിലുടനീളം ദൈവസ്നേഹത്തിന്റെയും ആതുരസേവനത്തിന്റെയും സഹനത്തിന്റെയും ദൃഷ്ടാന്തമായി ദൈവജനത്തിന് സുപരിചിതയായിരുന്നു പ്രിയ മാതാവ്. രക്തസാക്ഷികളെക്കുറിച്ചുള്ള ലേഖനങ്ങളും പുസ്തകങ്ങളും രചിക്കുന്നതിൽ തനിക്കു പ്രത്യേക താത്പര്യം തന്നെ ഉണ്ടായിരുന്നു. "വിശ്വാസത്തിന്റെ ബലിപീഠത്തിൽ" എന്ന പേരിൽ താൻ രചിച്ച പുസ്തകം മതപിഡയുടെയും രക്തസാക്ഷി മരണങ്ങളുടെയും ഭയാനകതയെ വിളിച്ചറിയിക്കുന്നതാണ്. "വന്ന വഴികളിലേക്ക് ഒരു തിരിഞ്ഞുനോട്ടം" എന്ന ആത്മകഥയുടെ ഇംഗ്ലീഷ് പതിപ്പ് പ്രസിദ്ധീകരിക്കപ്പെട്ടത് ഈ വർഷാരംഭത്തിലായിരുന്നു.

ആതുരസേവനത്തോടൊപ്പം സുവിശേഷവേല ചെയ്യുക എന്നത് തന്റെ മറ്റൊരു ശുശ്രൂഷമേഖലയായിരുന്നു. 1951-ൽ ആരംഭിച്ച സുവിശേഷപ്രവർത്തനത്തിൽ 1968 മുതൽ ആതുര സേവനവും ഉണ്ടായിരുന്നു. ആ ശുശ്രൂഷയുടെ പാരമ്യത്തിൽ ഒരു പാലിയേറ്റീവ് കെയർ സെന്ററിന്റെ ഉത്ഘാടനം നടക്കുവാൻ ദിവസങ്ങൾ മാത്രം അവശേഷിച്ചിരിക്കെയാണ് പ്രിയ മാതാവ് വിട വാങ്ങിയത്. കഴിഞ്ഞ വർഷം കുടുംബമായി പ്രിയപ്പെട്ടവരെ സന്ദർശിക്കുവാനും സ്നേഹസൽക്കാരം ആസ്വദിക്കുവാനും നിർമ്മാണത്തിലിരിക്കുന്ന സ്വപ്നപദ്ധതി കണ്ടറിയുവാനും അവസരം ലഭിച്ചത് അവിസ്മരണീയമായ ഓർമ്മകളാണ്.

സഹോദരപുത്രിയെന്ന വാത്സല്യത്തിനപ്പുറം "എന്റെ സഹപ്രവർത്തക" എന്നു പറഞ്ഞ് ആശ്ലേഷിക്കയും കൊച്ചു കൊച്ചു പാരിതോഷികങ്ങൾ കരുതിവച്ച് പ്രോത്സാഹിപ്പിക്കയും ചെയ്തുകൊണ്ടിരുന്ന അമ്മിണിയമ്മച്ചിക്ക് തിരശ്ശീലക്കപ്പുറത്ത് വീണ്ടും കാണാമെന്ന പ്രത്യാശയോടെ വിട. ●

# ശ്രീമതി മേരി അഞ്ചനെ പരിചയപ്പെടുക

### കുഞ്ഞൂഞ്ഞമ്മ ദാനീയേൽ, തിരുവനന്തപുരം

സാഹിത്യ പരിപോഷണത്തിൽ വിവിധ പ്രയത്നങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ക്രൈസ്തവസാഹിത്യസമിതി അർഹരായ സാഹിത്യ പ്രതിഭകളെ അവാർഡു നല്കിയാദരിക്കുന്നത് ഏറ്റം അഭികാമ്യമായ ഒരു സംഗതിയാണ്.

ഇന്നത്തെ അവാർഡു ജേതാക്കളിൽ ഒരാളാണല്ലോ ശ്രീമതി മേരി അഞ്ചൻ. ശാന്തമായിരുന്ന്, നല്ല ആശയങ്ങൾക്ക് വാക്കുകളും വാചകങ്ങളും നല്കി ലേഖനരൂപേണയും, പുസ്തകരൂപേണയും സഹൃദയർക്ക്, അനുവാചകർക്ക് ആസ്വാദ്യത അരുളുവാൻ ദൈവം ശ്രീമതി അഞ്ചന് പ്രത്യേക വരം കൊടുത്തിട്ടുണ്ട്. നാമെല്ലാം അതിന് സാക്ഷികളാണ്.

> 08-07-1996 വൈകിട്ട് 6 മണിക്ക് തിരുവനന്തപുരം കവടിയാർ സാൽവേഷൻ ആർമി യൂത്ത് സെന്ററിൽ വച്ചുനടന്ന സമ്മേളനത്തിൽ ശ്രീമതി മേരി അഞ്ചനും ക്യാപ്റ്റൻ വി.ജെ. ഡേവിഡിനും ക്രൈസ്തവ സാഹിത്യ അക്കാഡമി പ്രശംസാപത്രവും പുരസ്ക്കാരവും നല്കി ആദരിക്കയുണ്ടായി. തദവസരത്തിൽ ശ്രീമതി കുഞ്ഞൂഞ്ഞമ്മ ഡാനിയേൽ, ശ്രീമതി മേരി അഞ്ചനെ സദസ്സിനു പരിചയപ്പെടുത്തി ചെയ്ത പ്രസംഗം.

ഒരു ഗ്രന്ഥകാരിയാകുന്നത് എളുപ്പമുള്ള കാര്യമല്ല. ചിന്തിക്കുക, വായിക്കുക, പഠിക്കുക, ഗവേഷണം ചെയ്യുക ഇതിന്റെയെല്ലാം ഫലമായുണ്ടാകുന്ന ആശയങ്ങൾ എഴുതി ഫലിപ്പിക്കുക, ഇവയ്ക്കെല്ലാം മനസ്സുവേണം, ധിഷണാപാടവം വേണം, സമയം വേണം. ഇവയെല്ലാം സ്വായത്തമാക്കി നല്ല ഉദ്ദേശ്യം സഹോദരി സാധിച്ചിട്ടുണ്ട്.

പുരാവൃത്തങ്ങൾക്കിടയിൽ ഒരു പുരുഷകേസരിയായിരുന്ന, അസാധാരണനായ, ഒരു വിജ്ഞാന സാഗരമായിരുന്ന പണ്ഡിറ്റ് എം. എം. ജോൺ അവർകളുടെ രണ്ടാമത്തെ പുത്രിയാണ് ശ്രീമതി മേരി അഞ്ചൻ. ആ സാഗരത്തിലെ കൊച്ചരുവിയാകാൻ കൊതിച്ചെങ്കിലും, ഒരു ബിന്ദുവായി അവശേഷിക്കുവാനുള്ള ഭാഗ്യം തനിക്കു ലഭിച്ചതായി

സോദരി എഴുതിയിട്ടുണ്ടെങ്കിലും കൊതിച്ചതുപോലെ കൊച്ചരുവിയാ യിത്തന്നെ ആ സാഗരത്തിലേക്ക് താൻ ഒഴുകുന്നതായി നമുക്കറിയാമല്ലോ.

പ്രഗത്ഭനായ ഒരദ്ധ്യാപകൻ, കർത്താവിലുള്ള സന്തോഷം മുഖത്ത് പ്രതിഫലിപ്പിക്കുന്ന ഒരു ദൈവദാസൻ, സ്നേഹമസൃണമായി കുട്ടിക ളോടിടപെടുന്ന ഒരു മാന്യവ്യക്തി ഈ നിലകളിൽ പ്രിയ എം.എം. ജോൺസാർ എന്റെ സ്മരണയിൽ ബഹുമാനാർഹനായി സ്ഥിതിചെ യ്യുകയാണ്. അദ്ദേഹത്തിന്റെ മക്കളിൽ അന്ന് ഞാൻ അമ്മിണിക്കൊ ച്ചമ്മ എന്നു വിളിച്ചിരുന്ന മിസിസ്സ് മേരി അഞ്ചനെ എന്റെ മൂത്ത സഹോ ദരിയായി, ആദരവർഹിക്കുന്ന ഒരദ്ധ്യാപികയായി ഞാൻ കരുതിയിരു ന്നു. ഒരു നിഷ്ഠയുള്ള, പ്രതിഷ്ഠയുള്ള അദ്ധ്യാപികയായി കുമ്പനാട് നോയൽ മെമ്മോറിയൽ ഹൈസ്കൂളിലായിരിക്കുന്ന കാലം ഞാൻ ഓർക്കുകയാണ്. എന്റെ സഹോദരൻ ബഹുമാനിക്കുന്ന ഒരദ്ധ്യാപിക യായിരുന്നു. ഈ അദ്ധ്യാപനവൃത്തിയിലും പൈതൃകം താൻ പുലർ ത്തിയിരുന്നു, പിതാവിന്റെ വിനയവും, ലളിതജീവിതവും പുത്രിയിലും ഞാൻ ദർശിച്ചിട്ടുണ്ട്. “യഥാപിതാ തഥാ പുത്ര” എന്ന ആപ്തവാക്യമ നുസരിച്ച് പിതാവിന്റെ കാലടികൾ പിന്തുടരുന്നതിൽ എല്ലാ മക്കളും വിശേഷാൽ മിസിസ്സ് അഞ്ചനും അഭിമാനം കൊള്ളുന്നു. എന്റെ യൗവ്വ നകാലത്തിൽ കണ്ടുകഴിഞ്ഞ് ഒരു ട്രെയിൽ യാത്രയിൽ ഞങ്ങൾക്ക് വീണ്ടും കണ്ടുമുട്ടുന്നതിനിടയായി; ഓർമ്മകൾ അയവിറക്കി. അതി നുശേഷം മുഖദാവിൽ കണ്ടില്ലെങ്കിലും തൂലികാബന്ധുവായി ഞാനും അനേകം പേർക്കിടയിൽ നിലകൊണ്ടു.

സുവിശേഷത്തിന്റെ ഒരു ഭാഗമായ ആതുരസേവനം ജീവകാരു ണ്യപ്രവർത്തനത്തിന്റെ ഒരു ഘടകമാണല്ലോ. ഇങ്ങനെയുള്ള സുവി ശേഷതാത്പര്യത്താൽ പ്രിയ മിസിസ്സ് മേരി അഞ്ചൻ കർണ്ണാടകയിലെ റൂറൽ ഇൻഡ്യാ മെഡിക്കൽ മിഷ്യന്റെ സ്ഥാപക ഡയറക്ടറും, അതിന്റെ പൂർണ്ണ ചുമതല വഹിക്കുന്നയാളുമാണ്.

പ്രവചന പ്രദീപിക, പ്രത്യാശാ ദൂതൻ, സത്യപ്രകാശിനി, ഗൃഹ ദീപം, C. S. S. M. ന്റെ നമ്മുടെ മാസിക ഇവയിലെല്ലാം ശ്രീമതി മേരി അഞ്ചൻ ലേഖനങ്ങൾ എഴുതിയിട്ടുള്ളത് പലരും വായിച്ചിരിക്കുമല്ലോ. ലേഖനങ്ങൾ കൊണ്ട് തൃപ്തിപ്പെടാതെ വളരെ മുമ്പുതന്നെ പുസ്തക ങ്ങൾ എഴുതുന്നതിലും താത്പര്യപ്പെട്ട് പ്രവർത്തിച്ചു.

വേദപുസ്തകത്തിലെ വനിതകളെ സഹൃദയർക്ക് പരിചയപ്പെ ടുത്തി അനേകം സഹോദരിമാർക്ക് പ്രചോദനമരുളിയ ഒരു ഗ്രന്ഥമാണ് വേദവനിതകൾ. ഈ പുസ്തകം സത്യം പബ്ളിക്കേഷൻസ് പുനഃപ്ര സിദ്ധീകരണം ചെയ്യുന്നുവെന്ന് അറിഞ്ഞതിൽ വളരെ ചാരിതാർത്ഥ്യ മുണ്ട്.

ക്രിസ്തീയ സഭയുടെ ജീവൻ ക്രിസ്തുതന്നെയാണ്. തന്നിൽ കെട്ടപ്പെട്ടുവരുന്ന സഭയുടെ ജീവനാഡി രക്തസാക്ഷികളാണെന്ന് പറയാം. ആദ്യ രക്തസാക്ഷിയായ സ്തെഫാനോസ് തുടങ്ങി ഈ 1900 ത്തിലധികം ആണ്ടുകൾക്കുള്ളിൽ മരിച്ച രക്തസാക്ഷികളുടെ ഗണം പലകോടികളാണ്. പീഡകളെ ധീരതയോടെ സഹിച്ച വിശ്വാസവീരന്മാരുടെ ചിത്രീകരണമാണ് ക്രിസ്തീയ രക്തസാക്ഷികൾ എന്ന പ്രസിദ്ധ ഇംഗ്ലീഷ് ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ഏതാനും കൊല്ലങ്ങൾക്കുമുമ്പ് പ്രസാധകരായ മൂഡി ലിറ്ററേച്ചർ പ്രസ്സിന്റെ അനുമതിയോടുകൂടെ "Foxes Book of Martyrs" എന്ന പുസ്തകത്തെ ആധാരമാക്കി മലയാളത്തിൽ എഴുതിയ ലേഖനങ്ങൾ തുടർച്ചയായി മാസികയിൽ പ്രസിദ്ധീകരിക്കയുണ്ടായി. ഇത് പുസ്തകരൂപേണ ഭാഗികമായി ക്രൈസ്തസാഹിത്യസമിതിയും പിന്നീട് മുഴുവനും ഗ്രന്ഥകാരിയും മുദ്രണം ചെയ്യുന്നതിനിടയായി. ഈ വർത്തമാനകാലത്ത് ക്രിസ്തീയ വിശ്വാസ സത്യങ്ങൾക്കുവേണ്ടിയുള്ള തീവ്രമായ പോരാട്ടത്തിൽ ജീവാർപ്പണം ചെയ്യുന്നതിനുള്ള പ്രചോദനവും ധൈര്യവും ഈ പുസ്തകം പാരായണം ചെയ്യുന്ന ഏവർക്കും ലഭിക്കുന്നതിനുള്ള പ്രാർത്ഥനയോടെയാണ് പുസ്തകം സഹൃദയ സമക്ഷം സമർപ്പിച്ചത്.

“വിശ്വാസത്തിന്റെ ബലിപീഠത്തിൽ” എന്ന പേരിൽ, മിസിസ്സ് അഞ്ചൻ ഒരു മഹദ്ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്റെ പേരിന് അനുയോജ്യമായിരിക്കുന്ന സംഭവങ്ങളാണ് സംക്ഷേപിച്ചെങ്കിലും അതിൽ എടുത്തുകാണിച്ചിട്ടുള്ളത്, ക്രൈസ്തവ സഭയുടെ ആദ്യത്തെ 16 നൂറ്റാണ്ടുകളിൽ സത്യവിശ്വാസികൾ തങ്ങൾ സ്വീകരിച്ചിരുന്ന അതിവിശുദ്ധ വിശ്വാസം നിമിത്തം തങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി വിശ്വാസത്തിന്റെ ബലിപീഠത്തിന്മേൽ സ്വയം സമർപ്പിച്ചു. മൂന്നുറോളം പേജുകൾ വരുന്ന ഈ പുസ്തകം അത്തരം സംഭവപരമ്പരകളെക്കൊണ്ട് നിറഞ്ഞുകവിഞ്ഞിരിക്കുന്നു. ഈ പുസ്തകത്തിന്റെ ഒന്നാം പതിപ്പ് 1974-ാം ആണ്ട് പ്രസിദ്ധീകരിച്ചു. വീണ്ടും പല വ്യക്തികളും സമൂഹങ്ങളും ഈ ഗ്രന്ഥം ആവശ്യപ്പെട്ടതിനാൽ രണ്ടുപതിപ്പ്കൂടെ പ്രസിദ്ധീകരിച്ചു.

ഇന്നും രക്തസാക്ഷിമരണം തുടർന്നുകൊണ്ടിരിക്കുന്നു. കോടിക്കണക്കിന് ക്രിസ്തീയ വിശ്വാസികൾ രക്തസാക്ഷികളായിക്കഴിഞ്ഞു. രക്തസാക്ഷികളുടെ ചരിത്രം വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നതു നിമിത്തം വിശ്വാസികൾ ചൈതന്യം പ്രാപിക്കുന്നു. ഇതിനായുള്ള ശ്രമം ജോൺ ഫോക്സ് തന്റെ പുസ്തകത്തിൽ ചെയ്തിരിക്കുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥപാരായണത്താൽ തന്റെ ചങ്ക് തുടിച്ചതിന്റെ ഫലമായി അത് മലയാളികളെയും ഗ്രഹിപ്പിക്കുവാനുള്ള ശ്രമമാണ് മിസിസ്സ് മേരി അഞ്ചന്റെ തൂലികാ ചലനമായ വിശ്വാസത്തിന്റെ ബലിപീഠത്തിൽ എന്ന

ഗ്രന്ഥം അമേരിക്കയിലെ തന്റെ പഠനവും ജോലിയും കഴിഞ്ഞു വന്നാണ് ഗ്രന്ഥകാരി ഈ ഗ്രന്ഥം സമ്മാനിച്ചിരിക്കുന്നത്. തന്റെ തൂലികാചലനത്താൽ ഈ മഹൽ സേവനം അനുഷ്ഠിച്ചിരിക്കുന്ന സോദരിയെ അനുമോദിക്കുന്നു. ലോകവും, ജഡവും, പിശാചും അവയുടെ തന്ത്രങ്ങളും ക്രൂരദംഷ്ട്രങ്ങളും കാണിച്ചാൽ, ക്രിസ്തുയേശുവിലുള്ള ദൈവസ്നേഹത്തിൽനിന്നും ഒരു സത്യവിശ്വാസിയെ പിന്തിരിപ്പിക്കുവാൻ സാദ്ധ്യമല്ല എന്നതിന്റെ തെളിവാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ഈ പുസ്തകം അനേകർക്ക് പ്രയോജകീഭവിച്ചു എന്നു മാത്രമല്ല കേരളത്തിലും പുറത്തുമുള്ള ചില ബൈബിൾ സ്കൂളുകളിൽ ഒരു പാഠഗ്രന്ഥമായും, സംശോധകഗ്രന്ഥമായും സ്വീകരിച്ചിട്ടുണ്ടെന്നും അറിയുന്നു. വിശുദ്ധന്മാർ പിശാചിനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും, തങ്ങളുടെ സാക്ഷ്യവചനം ഹേതുവായും ജയിച്ചു. മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല. ഇങ്ങനെയുള്ളവരുടെ ജീവചരിത്രം നമ്മെ ക്രിസ്തീയപോർക്കളത്തിൽ ധീരയോദ്ധാക്കളാക്കിത്തീർക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ശ്രീമതി മേരി അഞ്ചൻ രചിച്ച "രാജതാരകം" എന്ന നീണ്ട കഥ The Story of the Other Wise Man എന്ന സുപ്രസിദ്ധ ആംഗല കഥയെ ആധാരമാക്കി രചിച്ചതാണ്. ലോകരക്ഷകനായി പിറന്ന ക്രിസ്തുവിന്റെ ജനനവേളയിൽ കിഴക്കുനിന്നും വിദ്വാന്മാർ കാഴ്ചകളുമായി വന്നെത്തി. അവരുടെ കൂടെ ചേരുവാൻ സാദ്ധ്യമാകാതെ പോയ ഒരാളുടെ കഥയാണ് ഇവിടെ വിവരിക്കുന്നത്. ഉദയനക്ഷത്രത്തെത്തേടിയുള്ള അയാളുടെ യാത്ര അനേകം വൈതരണികളെ പിന്നിട്ട് മുന്നോട്ട് നീങ്ങി. അയാൾ ലക്ഷ്യത്തിൽ എത്തിച്ചേർന്നുവോ? അയാളുടെ കാഴ്ചവസ്തുക്കൾ എവിടെയാണ് സമർപ്പിക്കപ്പെട്ടത്? ലോകരക്ഷകനായ ക്രിസ്തുവിനെ നാം എവിടെയാണ് കണ്ടെത്തുകയെന്ന അന്വേഷണത്തിന് ഉത്തരമാണ് ഈ പുസ്തകം.

നരകത്തിൽ നിന്ന് നാകത്തിലേക്ക്, ബിൽക്വിസ്ഷേയ്ക്ക് ഈ പുസ്തകങ്ങളും വായനക്കാർക്ക് വളരെ പ്രയോജനമരുളുന്ന പുസ്തകങ്ങളാണ്. ഇവ കൂടാതെ "നമ്മുടെ മാസിക"യിൽ തുടർച്ചയായി എഴുതിക്കൊണ്ടിരുന്ന Know Your Bible എന്ന ക്വിസ് പരമ്പര ഇംഗ്ലീഷിൽ ഗുഡ്ന്യൂസ് അപ്ഡേറ്റിന്റെ പത്രാധിപരും, മിസിസ്സ് അഞ്ചന്റെ സഹോദരനുമായ മി. ചാൾസ് ജോൺ പ്രസാധനം ചെയ്തിട്ടുണ്ട്. ദൂതന്മാരെക്കുറിച്ചുള്ള വിജ്ഞാനാത്മകമായ വിവരണം "ദൂതന്മാർ" എന്ന പുസ്തകത്തിൽ മുദ്രണം ചെയ്തുകൊണ്ടിരിക്കുന്നു.

ഇങ്ങനെ ക്രിസ്തീയ സാഹിത്യത്തെ പരിപുഷ്ടമാക്കിക്കൊണ്ടിരിക്കുന്ന ശ്രീമതി മേരി അഞ്ചന്റെ തൂലിക ഇനിയും ക്രൈസ്തവ

ശേഷം പേജ് 35 കാണുക

# “നല്ലപോർ പൊരുതി ഓട്ടം തികെച്ചു വിശ്വാസം കാത്തു”



## മോളിക്കുട്ടി ചാക്കോ ഫാമിലി, കണ്ണൂർ

പ്രിയപ്പെട്ട മേരി അഞ്ചൻ ആന്റിയുടെ വേർപാടിൽ ഞങ്ങൾ കുടുംബമായി, സഭയായി അനുശോചനം അറിയിക്കുന്നു.


“ഓട്ടം തികച്ചു നാമക്കരയിൽ,  
ഒട്ടും കണ്ണുനീരില്ലാത്ത വീട്ടിൽ,  
ഒരു നാളിൽ നാമണഞ്ഞിടുമ്പോൾ,  
ഓടിപ്പോയിടും വിനകളെല്ലാം”. (പ്രിയൻ വരും...)

ഈ ആധുനികലോകത്തിലെ ക്രൈസ്തസഹോദരിമാർക്ക് മാത്രമല്ല എല്ലാവർക്കും നല്ല ഒരു ആത്മീയ വഴികാട്ടിയായിരുന്നു പ്രിയ ആന്റി. പ്രത്യേകിച്ച് ക്രൈസ്തവ വനിത മാസികയിൽ ആന്റിയുടെ ലേഖനങ്ങൾ വായിച്ച് വളരെയധികം ആത്മീയമായി വളരുവാൻ സാധിച്ചു, ക്രിസ്തീയജീവിതത്തിൽ ബലപ്പെടുവാൻ സഹായിച്ചു. ആന്റി എഴുതിയിട്ടുള്ള പുസ്തകങ്ങൾ ഞങ്ങൾക്ക് അയച്ചു തന്നിട്ടുണ്ട്. അത് ഞങ്ങൾ വായിക്കുന്നുണ്ട്. 1995 മുതൽ ഗുഡ്ന്യൂസുമായി ബന്ധപ്പെട്ടു കറസ്പോണ്ടൻസ് കോഴ്സിൽ ബൈബിൾ പഠിക്കുവാനും ആഴമേറിയ സത്യങ്ങൾ മനസ്സിലാക്കുവാനും കഴിഞ്ഞു. ക്രൈസ്തവവനിതയുടെ എഡിറ്റോറിയൽ ആന്റിയുടെ ലേഖനങ്ങൾ നല്ല ആശയങ്ങൾ ഉള്ളതാണ്.

പ്രിയ മേരി ആന്റിയുടെ ഭർത്താവും മകനും നിര്യാതരായ ദുഃഖം തീരുന്നതിനുമുമ്പെ കർത്താവ് പ്രിയ ആന്റിയെ പറുദീസയിൽ വിശ്രമിക്കുവാൻ തക്കസമയത്തു വിളിച്ചുചേർത്തു. ഇപ്പോൾ അവർ മൂന്നു പേരും ദൈവസന്നിധിയിൽ വിശ്രമിക്കുന്നു. പ്രിയപ്പെട്ടവർ നല്ലപോർ പൊരുതി, ഓട്ടം തികെച്ചു, വിശ്വാസം കാത്തു. ഇനിയും നീതിയുടെ കിരീടം പ്രാപിപ്പാൻ കർത്താവിന്റെ സന്നിധിയിലേക്ക് പോയി. നമുക്ക് ഈ പ്രത്യാശയുള്ളതുകൊണ്ട് ദുഃഖിക്കേണ്ടാ. ശേഷിക്കുന്നവർക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. വിശേഷാൽ ഡോ. ചാൾസ് ജോൺ സഹോദരനെയും ഓർത്തു പ്രാർത്ഥിക്കുന്നുണ്ട്. “സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും, നിനവുക

ശേഷം പേജ് 24 കാണുക

# ഞങ്ങളുടെ പ്രിയ സഹോദരി മേരി അഞ്ചൻ



## ജോർജ് ജോൺ, തിരുവനന്തപുരം

പണ്ഡിറ്റ് എം.എം. ജോൺ - മറിയം ജോൺ ദമ്പതികൾക്ക് 6 മക്കൾ ഉണ്ടായിരുന്നതിൽ രണ്ടാമത്തെ മകളാണ് 'അമ്മിണി' എന്ന വിളിപ്പേരോടുകൂടിയ മേരി ജോൺ. 1951 -ൽ കർണ്ണാടകക്കാരനായ ചാൾസ് അഞ്ചൻ എന്ന സുവിശേഷകനുമായി വിവാഹബന്ധത്തിലേർപ്പെടുകയും മേരി ജോൺ മേരി അഞ്ചനായി മാറുകയും ചെയ്തു. 1953– മുതൽ ചാൾസ് - മേരി ദമ്പതികൾ കർണ്ണാടകത്തിലെ തുംകൂർ എന്ന ചെറിയ പട്ടണത്തിൽ താമസിച്ച് സുവിശേഷപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരുന്നു.

മൂത്ത മകൾ ആലീസ്, രണ്ടാമത്തെ മകൾ മേരി എന്നിവർക്കുശേഷം നാല് ആൺമക്കളാണ് എം. എം. ജോൺ - മറിയം ജോൺ ദമ്പതികൾക്കുണ്ടായിരുന്നത്. അവർ മാത്യൂസ്, ജോർജ്, തോമസ്, ചാൾസ് എന്നീ പേരുകളിൽ അറിയപ്പെടുന്നു. ചെറുപ്പം മുതൽ തന്നെ മാതാപിതാക്കളെയും സഹോദരങ്ങളെയും വളരെ സ്നേഹിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു അമ്മിണി എന്ന മേരി. വീട്ടുജോലികളിൽ മാതാവിനെ സഹായിക്കുന്നതിനും ഇളയസഹോദരങ്ങളുടെ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിനും താൻ വളരെ താത്പര്യം കാണിച്ചിരുന്നു. ആത്മീയകാര്യങ്ങളിൽ തനിക്കുള്ള താത്പര്യം ചെറുപ്രായത്തിൽ തന്നെ പ്രകടമായിരുന്നു. കുടുംബപ്രാർത്ഥനാസമയത്ത് പാട്ടുകൾ തിരഞ്ഞെടുക്കുന്നതിനും വേദഭാഗങ്ങൾ സ്ഫുടമായി വായിക്കുന്നതിനും താൻ വളരെ ഉത്സുകയായിരുന്നു.

തന്റെ സാഹിത്യപരമായ പ്രവർത്തനങ്ങൾ ചെറുപ്രായത്തിൽ തന്നെ ആരംഭിച്ചിരുന്നു. ഇൻഡ്യാ പെന്തെക്കോസ്ത് ദൈവസഭയുടെ പ്രസിദ്ധീകരണമായ 'ആത്മബോധിനി' എന്ന മാസികയിലാണ് തന്റെ ആദ്യലേഖനം പ്രസീദ്ധീകരിക്കപ്പെട്ടത്. അതോടുകൂടി ആരംഭിച്ച തന്റെ എഴുത്തുജീവിതം 98-മത്തെ വയസ്സിൽ ഇഹലോകവാസം വെടിയുന്നതുവരെയും തുടർന്നുകൊണ്ടിരുന്നു. സത്യപ്രകാശിനി, സുവിശേഷകൻ, പ്രവചനപ്രദീപിക, പ്രത്യാശാദൂതൻ, ഗുഡ്ന്യൂസ് അപ്ഡേറ്റ്, ഗൃഹദീപം

മുതലായ ക്രിസ്തീയ മാസികകളിൽ ക്രമമായി എഴുതിക്കൊണ്ടിരുന്നു. തിരുവനന്തപുരത്തുള്ള ഗുഡ്ന്യൂസ് മിനിസ്ട്രിയുടെ ക്രൈസ്തവ വനിത എന്ന മാസികയുടെ ചീഫ് എഡിറ്ററായി ഏതാനും വർഷങ്ങളായി പ്രവർത്തിച്ചുകൊണ്ടാണിരുന്നത്. ലേഖനങ്ങൾ കൂടാതെ പതിനൊന്നു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവയിൽ "വിശ്വാസത്തിന്റെ ബലി പീഠത്തിൽ" എന്ന പുസ്തകം 3 പ്രാവശ്യവും മറ്റ് ചിലത് രണ്ടുപ്രാവ ശ്യവും പുനഃപ്രസിദ്ധീകരണം ചെയ്യപ്പെടുകയുണ്ടായി.

തൃശ്ശിനാപ്പള്ളി ഹോളിക്രോസ് കോളജിൽ പഠിക്കുന്ന കാലം മുതൽ തനിക്കുണ്ടായിരുന്ന അതിയായ ആഗ്രഹമായിരുന്നു സുവിശേഷ വേലയ്ക്ക് പോകണമെന്നുള്ളത്. മേല്പറഞ്ഞ ഉദ്ദേശ്യസാധ്യത്തിനായി തന്റെ കോളജ് വിദ്യാഭ്യാസം പാതിവഴിയിൽ ഉപേക്ഷിക്കയും കർണ്ണാടക സംസ്ഥാനത്തെ കോളാർ എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന സൗത്ത് ഇൻഡ്യൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് (S.I.B.I) എന്ന സ്ഥാപനത്തിൽ ചേർന്ന് പഠിക്കയും ചെയ്തു, S.I.B.I-യിലെ പഠനത്തിനുശേഷം നാട്ടിൽ വന്ന് കുമ്പനാട് നോയൽ മെമ്മോറിയൽ സ്കൂളിൽ കുറച്ചുനാൾ അദ്ധ്യാ പികയായി ജോലി ചെയ്തു. 1951-ൽ വിവാഹിതയാകുന്നതുവരെയും അത് തുടർന്നു.

ഉഡുപ്പി സ്വദേശിയായ ചാൾസ് അഞ്ചൻ എന്ന യുവ സുവിശേ ഷകൻ മൈസൂർ സിറ്റിയിൽ സുവിശേഷപ്രവർത്തനം നടത്തിക്കൊ ണ്ടിരുന്ന വി. പി. ജേക്കബ് സാറിനോട് ചേർന്നാണ് പ്രവർത്തിച്ചിരുന്ന ത്. ചാൾസ് അഞ്ചനും മേരിയുമായുള്ള വിവാഹത്തിന്റെ ആലോചന ക്കാരൻ വി. പി. ജേക്കബ് സാർ ആയിരുന്നു. വിവാഹത്തിനുശേഷം ചാൾസ്-മേരി ദമ്പതികൾ കർണ്ണാടകത്തിലെ തുംകൂർ എന്ന സ്ഥലത്ത് പ്രവർത്തിക്കാൻ തീരുമാനിക്കുകയും 1953-ൽ തുംകൂറിൽ താമസമുറ പ്പിക്കയും ചെയ്തു.

പിന്നീട് ഉണ്ടായിരുന്നത് അവഗണനയുടെയും ദാരിദ്ര്യത്തിന്റെയും കഷ്ടപ്പാടിന്റെയും നാളുകളായിരുന്നു. ക്രിസ്ത്യാനികൾ എല്ലാവരും "മാർഗ്ഗം കൂടിയ"വരാണെന്ന് ധരിച്ചുവച്ചിരുന്ന ഹൈന്ദവമേധാവിത്വ മുള്ള തുംകൂർ എന്ന പട്ടണത്തിൽ താമസിക്കാൻ ഒരു വീടുപോലും കിട്ടാൻ വളരെ ബുദ്ധിമുട്ടായിരുന്ന സാഹചര്യത്തിൽ ഒരു മുസ്ലീമിന്റെ 'ഒറ്റമുറി' വാടകവീട്ടിലാണ് അഞ്ചൻ കുടുംബം ആദ്യത്തെ ഏതാനും വർഷങ്ങൾ താമസിച്ചിരുന്നത്. വാടക കുടിശ്ശിക വരുത്തിയതുമൂലം ഒരു പ്രാവശ്യം വീട്ടിൽനിന്നു ഇറക്കിവിടുകയും കൈക്കുഞ്ഞുമായി ഒരു

മരത്തണലിൽ ഒരു ദിവസം മുഴുവനും കഴിച്ചുകൂട്ടുകയും ചെയ്യേണ്ടി വന്നിട്ടുണ്ട്. എന്നാൽ "കലപ്പയ്ക്കു വച്ച കൈ" പിൻവലിക്കാതെ അഞ്ചൻ ദമ്പതികൾ തുംകൂറിലും പരിസരപ്രദേശങ്ങളിലും നടന്നും സൈക്കിളിലുമൊക്കെ സഞ്ചരിച്ച് സുവിശേഷീകരണമെന്ന മഹായജ്ഞത്തിൽ സമയകാലഭേദമെന്യേ വ്യാപൃതരാകയും കാലക്രമത്തിൽ തുംകൂറിലും പരിസരപ്രദേശങ്ങളായ മലവള്ളി, ചാമരാജനഗർ, കാമകേരി മുതലായ സ്ഥലങ്ങളിലും അതിന്റെ അലയൊലികൾ സംജാതമാവുകയും ചെയ്തു.

1956 –ൽ മാർക്കറ്റ് സക്വയറിലെ ഒറ്റമുറി വീട്ടിൽ തങ്ങളോടൊപ്പം താമസിച്ച് കോളജ് വിദ്യാഭ്യാസം നടത്തിക്കൊണ്ടിരുന്ന അനുജൻ രാജു (തോമസ്) വിന്റെ ആകസ്മിക മരണത്തോടെയാണ് തുംകൂറിൽ ഒരു നല്ല ആശുപത്രിയില്ലാത്തതിന്റെ അഭാവം മേരി അഞ്ചനെ അലട്ടിത്തുങ്ങിയത്. 1966–ൽ തനിക്ക് കാനഡാ, യു.എസ്.എ. എന്ന സ്ഥലങ്ങളിലേക്ക് കടന്നുപോകാൻ അവസരം ലഭിക്കയും തുംകൂറിൽ ഒരാശുപത്രി എന്ന ആശയം അവിടെയുണ്ടായിരുന്ന മൂത്ത സഹോദരി ആലീസിനോടും, അവരുടെ സ്നേഹിതരോടും പങ്കു വയ്ക്കുവാൻ സാധിക്കയും ചെയ്തു. തൽഫലമായി തുംകൂറിന്റെ പ്രാന്തപ്രദേശത്തുള്ള 'സിറാഗേറ്റിൽ' റൂറൽ ഇൻഡ്യാ മെഡിക്കൽ മിഷൻ (RIMM) എന്ന പേരിൽ ഒരു ക്ലിനിക്ക് തുടങ്ങാൻ സാധിച്ചു. 1968–ൽ ആരംഭിച്ച പ്രസ്തുത ക്ലിനിക്ക് ഇല്ലായ്മകളിലും വല്ലായ്മകളിലും കൂടെ കടന്ന് R.I.M ഹോസ്പിറ്റൽ (R.I.M.H) എന്ന സ്ഥാപനമായി വളരുന്നതിനും ദൈവം കൃപ ചെയ്തു. നിർദ്ധനരായ രോഗികൾക്ക് സൗജന്യ ചികിത്സ, വിദ്യാർത്ഥികൾക്ക് മെഡിക്കൽ ചെക്ക് അപ്പ്, സൗജന്യ ആംബുലൻസ് സർവീസ്, നേത്രപരിശോധനാ ക്യാമ്പുകൾ എന്നിങ്ങനെയുള്ള വിവിധപ്രവർത്തനങ്ങളിൽ RIMH ഏർപ്പെട്ടിരുന്നു. ആദ്യത്തെ മെഡിക്കൽ ക്യാമ്പ് ഉൽഘാടനം ചെയ്ത ഡിസ്ട്രിക് കളക്റ്റർ ഡോക്ടർ ഭാസ്കർ തന്റെ പ്രസംഗത്തിൽ വിശേഷിപ്പിച്ചത് "വൃദ്ധയായ ഒരു ക്രൈസ്തവ വനിതയുടെ നിസ്വാർത്ഥമായ സേവനത്തിന്റെ പരിണതഫലം" എന്നാണ്.

കോവിഡ് കാലത്ത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽക്കൂടെ കടന്നുപോകേണ്ടിവരികയും ഹോസ്പിറ്റലിന്റെ തുടർപ്രവർത്തനം ഏറെക്കുറെ അസാദ്ധ്യമാവുകയും ചെയ്തു, ഇത്തരുണത്തിലാണ് ആതുരശുശ്രൂഷയിൽ തത്പരനായ അജിത് ഐസക് എന്ന മനുഷ്യസ്നേഹിയെ ദൈവം RIMH–മായി ബന്ധപ്പെടുത്തുകയും

അദ്ദേഹം ആശുപത്രിയും സ്ഥലവും ഏറ്റെടുത്ത് ഒരു പാലിയേറ്റീവ് കെയർ സെന്ററായി നടത്താനുള്ള സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തത്. കൂടിയാലോചനകൾക്കുശേഷം അജിത് ഐസക്കുമായി ചേർന്ന് ഒരു പുതിയ ട്രസ്റ്റ് രൂപീകരിക്കുകയും പുതിയ ട്രസ്റ്റിന്റെ നേതൃത്വത്തിൽ പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയശേഷം 40,000 Sq.ft. വിസ്തീർണ്ണമുള്ള ഒരു പുതിയ കെട്ടിടം പണികഴിപ്പിക്കയും ചെയ്തു. പ്രസ്തുത കെട്ടിടത്തിന്റെ ഉൽഘാടനം 28.10.2025 ൽ നടന്നു. നിർദ്ധനരായ രോഗികൾക്ക് തികച്ചും സൗജന്യമായി പരിചരണം നടത്തുന്ന ഒരു സ്ഥാപനമായിരിക്കും NIRAM RIMH PALLIATIVE CARE CENTER എന്ന് നാമകരണം ചെയ്തിരിക്കുന്ന പ്രസ്തുത സ്ഥാപനം.

എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ ഉൽഘാടനത്തിനുവേണ്ടി വളരെ പ്രതീക്ഷകളോടെ കാത്തിരുന്ന ഞങ്ങളുടെ പ്രിയസഹോദരി ഉൽഘാടനത്തിന് ഒൻപതുദിവസം മുമ്പ് ഒക്ടോബർ 19-ഞായറാഴ്ച രാവിലെ ഹൃദയാഘാതം മൂലം ഇഹലോകവാസം വെടിഞ്ഞ് കർത്തൃസന്നിധിയിലേക്ക് പ്രവേശിക്കയാണുണ്ടായത്. ഒക്ടോബർ മാസം 25-ാം തീയതി ശനിയാഴ്ച തന്റെ മൃതദേഹം പാലിയേറ്റീവ് കെയർ സെന്ററിന്റെ പുതിയ കെട്ടിടത്തിലെ വിശാലമായ കോൺഫറൻസ് ഹാളിൽ കൊണ്ടുവരികയും, വിദേശത്തുനിന്നുമെത്തിച്ചേർന്ന മക്കൾ, കൊച്ചുമക്കൾ, കേരളത്തിൽനിന്നും, ബാംഗ്ലൂർ മുതലായ ഇതരസ്ഥലങ്ങളിൽനിന്നും വന്നു ചേർന്ന സഹോദരങ്ങളും ബന്ധുക്കളും, തുംകൂറിലും കർണ്ണാടകത്തിലെ ഇതരസ്ഥലങ്ങളിലും നിന്നുള്ള വിശ്വാസികൾ, മിത്രങ്ങൾ എന്നിവരുടെ സാന്നിധ്യത്തിൽ സംസ്ക്കാരശുശ്രൂഷ നടത്തുകയും ചെയ്തു, തദനന്തരം RIMH ക്യാമ്പസിലുള്ള ശാന്തിസദൻ സെമിറ്ററിയിൽ മൃതദേഹം സംസ്ക്കരിക്കപ്പെട്ടു

1953 ജൂൺ മാസത്തിൽ തുംകൂറിലെ മാർക്കറ്റ് സ്ക്വയറിലെ ഒറ്റമുറി വീട്ടിൽ ആരംഭിച്ച മിഷനറിജീവിതം ഏതാണ്ട് 73 വർഷങ്ങൾക്കുശേഷം പരിസമാപ്തിയിലെത്തി. ആതുരശുശ്രൂഷയിൽക്കുടെയുള്ള സുവിശേഷപ്രവർത്തനം എന്ന വലിയ സ്വപ്നം സഫലീകരിക്കപ്പെട്ടെന്നുള്ള ചാരിതാർത്ഥ്യത്തോടുകൂടെ പ്രിയ സഹോദരി കർത്തൃസന്നിധിയിലേക്ക് പ്രവേശിച്ചിരിക്കയാണ്. ആ ധന്യമായ ജീവിതത്തെയോർത്ത് കർത്താവിന്റെ തിരുസന്നിധിയിൽ സ്തുതിസ്തോത്രങ്ങൾ അർപ്പിച്ചുകൊണ്ട് ഞാൻ വിരമിക്കുന്നു.

●

# തുംകൂറിലെ തൂലികയുടെ ചലനാത്മകത



**ഡോ. ഉമ്മൻ ഫിലിപ്പ്, തിരുവനന്തപുരം**

മലയാളി ക്രൈസ്തവരെ തന്റെ പൊൻതൂലികകൊണ്ട് ആഴമായി സ്പർശിച്ച മഹിളാരത്നം ആയിരുന്നു ശ്രീമതി മേരി അഞ്ചൻ. താഴ്മയുടെ പര്യായപദം എന്നു തോന്നുമാറ് തന്റെ തൂലിക ചലിപ്പിച്ച് പതിനായിരങ്ങളുടെ ജീവിതങ്ങളെ തൊട്ടുണർത്തിയ ഈ പ്രിയ സഹോദരി നീണ്ട ഏഴര പതിറ്റാണ്ട് തന്റെ എഴുത്തു ശുശ്രൂഷ തുടർന്നുകൊണ്ടിരുന്നു. അംഗീകാരം ആഗ്രഹിക്കാതെ, യാതൊരു പത്രാസുമില്ലാതെ ദൈവികസന്ദേശങ്ങൾ താൻ എഴുത്തിൽക്കൂടി തുടർന്നുകൊണ്ടേയിരുന്നു. എഴുത്തുകാരനും ഭാഷാപണ്ഡിതനുമായിരുന്ന പിതാവിന്റെ കാലടികളെ പിന്തുടർന്ന് ലളിതമായ ഭാഷാശൈലിയിൽ കൂടി ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള വ്യക്തികളെ പ്രിയ സഹോദരി സ്വാധീനിച്ചിട്ടുണ്ട് എന്നത് എടുത്തു പറയേണ്ട ഒരു വസ്തുതയാണ്. സ്ത്രീകൾക്കും പുരുഷന്മാർക്കും ബാലികാബാലന്മാർക്കും മേരി അഞ്ചൻ എഴുത്തുകളിലൂടെ പ്രിയങ്കരി ആയിരുന്നു.

ഈ ലേഖകൻ കൗമാരകാലത്തു തന്നെ മേരി അഞ്ചന്റെ ലേഖനങ്ങൾ വായിച്ചു തുടങ്ങിയിരുന്നു. എഴുതുവാനുള്ള ഉത്ക്കടമായ ഒരു വാഞ്ഛ തന്നിൽ സൃഷ്ടിക്കുവാൻ ശ്രീമതി അഞ്ചന്റെ ലേഖനങ്ങളും പുസ്തകങ്ങളും വഹിച്ച പങ്ക് അവർണ്ണനീയമാണ്. എഴുത്തുകാരന്റെ ഏതെങ്കിലും എഴുത്തുകൾ വായിച്ചാൽതന്നെ അതിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും മുക്തകണ്ഠപ്രശംസയും സ്വന്തം കൈയ്യക്ഷരത്തിൽ തന്നെ അവർ എഴുതി അറിയിക്കുമായിരുന്നു. എല്ലാം നിലയിലും ഒരു മാതൃവാത്സല്യവും ജ്യേഷ്ഠസഹോദരിയുടെ സ്നേഹവായ്പും എഴുത്തുകാരനിൽ ചൊരിഞ്ഞുതന്ന് ശുശ്രൂഷയിൽ ധാരാളം പ്രോത്സാഹനവും, പ്രാർത്ഥനയും അവരിൽനിന്നും ലഭിക്കുവാൻ ഇടയായി എന്നത് എടുത്തു പറയേണ്ട വസ്തുതയാണ്.

**സുവിശേഷത്തിനുവേണ്ടിയുള്ള സ്വപ്നങ്ങൾ**

വളരെ നല്ല യൗവനത്തിൽ തന്നെ സുവിശേഷത്തിനുവേണ്ടി സ്വപ്നങ്ങൾ കണ്ട ജീവിതം ആയിരുന്നു മേരി അഞ്ചന്റേത്. ദൈവദാസന്മാർ കണ്ടുപിടിച്ച് മാതാപിതാക്കളുടെ അനുഗ്രഹാശിസ്സുകളോടെ


ഭിന്നഭാഷക്കാരനായ ഒരു കന്നട സുവിശേഷകനെ വിവാഹം കഴിക്കാൻ സമ്മതിച്ചതുമുതൽ ശ്രീമതി മേരിയുടെ മിഷണറിജീവിതം തുടങ്ങുക യായി. അത് 74 വർഷം അനുസ്യൂതം തുടർന്നു. ആ സ്വപ്നത്തിൽ ഗ്രാമസുവിശേഷീകരണം, ആതുരസേവനം, ആരോഗ്യസംരക്ഷണം, സന്നദ്ധപ്രവർത്തനങ്ങൾ ലേഖന-പുസ്തകരചനകൾ, വനിതാശുശ്രൂഷ കൾ, വചനാഭ്യസനം, വ്യക്തിപര ശുശ്രൂഷകൾ എന്നിവ ഉൾപ്പെട്ടിരുന്നു. കൂട്ടത്തിൽ സുവിശേഷകനായ ഭർത്താവിന്റെ കൂട്ടാളി. കുടുംബ കാര്യങ്ങൾ, നാല് ആൺമക്കളെ കർത്താവിനുവേണ്ടി വളർത്തിയെടു ക്കാൻ, വിദേശപരിശീലനം, കോൺഫ്രൻസുകളിലും, ക്യാമ്പുകളിലും ബൈബിൾ ക്ലാസുകൾ, ആഗോളസുവിശേഷസഞ്ചാരങ്ങൾ, പത്രാ ധിപർ തുടങ്ങി എത്രയെത്ര ശുശ്രൂഷകൾ ഉൾപ്പെട്ടിരുന്നു! ഇതെല്ലാം ചെയ്തു തീർത്താണ് പ്രിയ മേരി അഞ്ചൻ തന്റെ വീട്ടിലേക്ക് പോയത് (ലൂക്കൊസ് 1:23). അപ്പോഴും തന്റെ സ്വപ്ന പദ്ധതിയായ Palliative Care Centre (സാന്ത്വന പരിചരണ കേന്ദ്രം) പ്രവർത്തനം സജ്ജമായി കഴിഞ്ഞിരുന്നു. തന്റെ സംസ്കാരശുശ്രൂഷ ഈ കേന്ദ്രത്തിൽ വച്ചുതന്നെ നടത്തുവാൻ കഴിഞ്ഞു എന്നതും അത്ഭുതകരം തന്നെ.

മേരി അഞ്ചനും ഭർത്താവ് ചാൾസും തങ്ങൾക്കായി ഒന്നും സമ്പാദിച്ചില്ല. എല്ലാം കർത്താവിനുവേണ്ടി മാത്രം എന്നതായിരുന്നു അവരുടെ മുദ്രാവാക്യം. പേരിനോ പ്രസിദ്ധിക്കോ, അംഗീകാരത്തിനോ സ്ഥാനമാനങ്ങൾക്കോ വേണ്ടി ഒന്നും തന്നെ ചെയ്യാതെ തങ്ങൾ ചെയ്തതെല്ലാം ക്രിസ്തുവിനുവേണ്ടി മാത്രം ചെയ്ത ഈ പ്രിയ മാതാവ് വലിയ ഒരു വെല്ലുവിളിയാണ് നമ്മുടെ മുമ്പിൽ ഉയർത്തുന്നത്. ഒന്നാമത്, അഞ്ചൻ ദമ്പതികളുടെ സ്ഥാനത്ത് ശുശ്രൂഷ ചെയ്യാൻ ആർ എഴുന്നേല്ക്കും? ആർ എല്ലാം ത്യജിച്ച് ക്രിസ്തുവിനെ സേവിക്കും? ആർ ക്രിസ്തു നിമിത്തം എല്ലാം ചേതമെന്നെണ്ണും? ആർ പ്രസിദ്ധിയെ നിരാകരിച്ച് ക്രൂശിനു മറഞ്ഞിരുന്നുകൊണ്ട് ശുശ്രൂഷ ചെയ്യും? ലേഖന ങ്ങൾ എഴുതാൻ ആർ എഴുന്നേല്ക്കും? പ്രതിഫലേച്ഛകൂടാതെ ആർ ക്രിസ്തുവിനുവേണ്ടി പോകും?

മേരി അഞ്ചന്റെ മക്കളെയും കുടുംബങ്ങളെയും കർത്താവ് ആശ്വ സിപ്പിക്കട്ടെ! തന്റെ രണ്ടു സഹോദരന്മാരും അവർ ഏർപ്പെട്ടിരിക്കുന്ന ശുശ്രൂഷകളിൽ തുടരാൻ കർത്താവ് സഹായിക്കട്ടെ.

മേരി അഞ്ചൻ ശുശ്രൂഷകളിൽകൂടി ആത്മീയ അനുഗ്രഹം പ്രാപിച്ച് അനേകരോടും തന്റെ മാതാപിതാക്കളോടും പിരിഞ്ഞുപോയ പ്രിയ മകനോടും, സഹോദരങ്ങളോടുംകൂടി ഇന്ന് കർത്തൃസന്നി ധാനത്തിൽ സന്തോഷിക്കുന്ന പ്രിയ മേരി അഞ്ചന്റെ മാതൃകകൾ പിൻ പറ്റുവാൻ നമുക്കെല്ലാം ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ●

# സമയം പകൽ 11 മണി



**ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം**

ശ്രീമതി മേരി അഞ്ചന്റെ അഞ്ചു സഹോദരങ്ങളിൽ ഏറ്റവും ഇളയ സഹോദരനാണു ഞാൻ (ചാൾസ് ജോൺ). ഞങ്ങളുടെ വാത്സല്യ മാതാവ് ശ്രീമതി മറിയം ജോൺ 1979 ഡിസംബർ 18-നു നിത്യതയിൽ പ്രവേശിച്ചശേഷം എന്റെ അമ്മയുടെ സ്ഥാനത്താണു ഞാൻ അമ്മാമ്മയെ (മേരി അഞ്ചനെ) കണ്ടിരുന്നത്. ദിവസം ഒരു പ്രാവശ്യമെങ്കിലും ഞങ്ങൾ തമ്മിൽ ഫോണിലൂടെ ആശയവിനിമയം മരിക്കുന്നതിന്റെ തലേദിവസം വരെ നിർവ്വഹിച്ചിരുന്നു. സഹോദരിയെ ഫോണിൽ കൃത്യസമയത്ത് ഓർമ്മിപ്പിക്കുന്ന കാര്യം എന്റെ ഫോണിലെ അലാറം ഇൻഡ്യൻ സമയം രാവിലെ 10.57 നു വച്ചിരുന്നു. സ്വദേശത്തോ വിദേശത്തോ എവിടെ ആയിരുന്നാലും രാവിലെ കൃത്യം 11 മണിക്കു ഞാൻ എന്റെ സഹോദരിയെ എല്ലാ ദിവസവും വിളിച്ചിരുന്നു. എന്തെങ്കിലും കാരണവശാൽ ഞാൻ വിളിച്ചില്ലെങ്കിൽ അഞ്ചു മിനിറ്റിനകം സഹോദരി എന്നെ വിളിക്കും, നിനക്ക് എന്തു സംഭവിച്ചുവെന്നു ഞാൻ പരിഭ്രമിച്ചുവെന്ന് എന്നോടു പറയും. എന്റെ സഹോദരിക്ക് എന്നെക്കുറിച്ച് അത്രമാത്രം കരുതലായിരുന്നു. ഞങ്ങൾ തമ്മിൽ ഫോൺ സംഭാഷണം ആരംഭിക്കുമ്പോൾ താൻ ബൈബിൾ, Streams In The Desert (എന്ന Devotional Book ) ഇവ വായിച്ചു എന്ന മുഖവുരയിലാണ് തുടങ്ങുന്നത്. പിന്നീട് അരമണിക്കൂറെങ്കിലും ക്രൈസ്തവ വനിത മാസികയിലെ ലേഖനങ്ങളെക്കുറിച്ച് അവലോകനം നടക്കും. അമ്മാമ്മ ആയിരുന്നു കഴിഞ്ഞ 7 വർഷമായിട്ട് വനിതയുടെ ചീഫ് എഡിറ്റർ. തുടർന്ന് ആരൊക്കെ തന്നെ സന്ദർശിച്ചുവെന്ന് പറയും. അങ്ങനെ പോകുന്നു സംഭാഷണവിവരങ്ങൾ R. I. M.H. Palliative Care - ന്റെ പണി 2023 October-ൽ സമാരംഭിച്ചതോടെ അതിന്റെ അനുദിന പുരോഗതിയെക്കുറിച്ച് താൻ കൂടുതൽ വാചാലയായി. എന്റെ സഹോദരിയുടെ ജീവിതാഭിലാഷമായിരുന്നു തുംകൂറിലെ പാർശ്വവത്ക്കരിക്കപ്പെട്ട അശരണർക്കു ഒരു ആസ്പത്രി. 1968-ൽ അതിനു തുടക്കംകുറിച്ച് നൂറുകണക്കിനു രോഗികളെ ശുശ്രൂഷിച്ചു. 600-ൽ പരം അന്ധർക്ക് ഓപ്പറേഷനിലൂടെ കാഴ്ച ലഭിച്ചു. ജന്മനാ അന്ധയായ ഒരു പെൺകുട്ടിക്ക് പൂർണ്ണ കാഴ്ച പ്രദാനം ചെയ്ത് അവൾക്കു സാധാരണജീവിതം കരഗതമാക്കി. തുംകൂറിലും പ്രാന്തപ്രദേശങ്ങളിലും മരണത്തോടു മല്ലടിക്കുന്നവരുടെ ശിഷ്ടായുസ്സ്, പൂർത്തിയാക്കുവാൻവേണ്ടി 100- bed Palliative Care

സെന്ററിന്റെ പണി പൂർത്തിയായി പ്രതിഷ്ഠാ പ്രാർത്ഥന ഒക്ടോബർ 28-ാം തിയതി നടന്നു. എന്റെ സഹോദരിയുടെ ജീവിതാഭിലാഷമാണ് അന്നു പൂവണിഞ്ഞത്. കെട്ടിടം പണിയുടെ പൂർണ്ണ സാമ്പത്തിക സഹായം ചെയ്ത ശ്രീ. അജിത്ത് & സാറാ ഐസക്കിനോടുള്ള കൃത ജ്ഞത രേഖപ്പെടുത്തിക്കൊള്ളട്ടെ.

നല്ല വായനാശീലമുള്ള ഒരു വ്യക്തിയായിരുന്നു എന്റെ സഹോദരി. വേദപുസ്തകം അച്ചടിച്ച താളുകളിൽ നിന്നു മാത്രമേ വായിച്ചിരു ന്നുള്ളു. സെൽഫോൺ, ടാബ് തുടങ്ങിയവയുടെ ഉടമസ്ഥ ആയിരുന്നെ ങ്കിലും അവയിൽ നിന്നും ബൈബിൾ വായിക്കുന്നിനെ വിമർശിക്കയും നിരുത്സാഹപ്പെടുത്തുകയും ചെയ്തിരുന്നു.


ഞാൻ പലപ്പോഴും രോഗിയായിരുന്നപ്പോൾ എന്റെ ആരോഗ്യ ത്തിൽ താൻ ഉത്കണ്ഠയും ആകുലചിത്തയും ആയിരുന്നു. ദൈവത്തെ അക്ഷയമായി സ്നേഹിച്ചിരുന്നു. അവസാനനിമിഷം വരെയും താൻ പ്രത്യാശാനിർഭര ആയിരുന്നു. തികഞ്ഞ പ്രത്യാശയോടെ നമ്മെ വിട്ടു പിരിഞ്ഞു. തന്റെ പ്രിയതമനോടും, പ്രിയമകനോടും ചേരുവാൻ വെമ്പൽ കൊണ്ടു. 10.57 എന്റെ അലാറം മണിനാദം ഉയർത്തുന്നു. പക്ഷേ, 11 മണിക്കു ഫോണും കൈയിൽ പിടിച്ച് എന്റെ വിളിക്കുവേണ്ടി കഴിഞ്ഞ പത്തുവർഷത്തോളം ദിനവും കാത്തിരുന്ന എന്റെ ഏറ്റവും പ്രിയപ്പെട്ട അമ്മാമ്മ നിത്യതയിൽ വിശ്രമിക്കുന്നു. ദാവീദു പറഞ്ഞതു പോലെ അവർ തിരികെ ഇവിടേക്കു വരുകയില്ല. അനതിവിദുര ഭാവിയിൽ ഞാൻ അങ്ങോട്ടുചെന്ന് എന്റെ സഹോദരിയെയും മറ്റു പ്രിയപ്പെട്ടവരെയും കണ്ടുകൊള്ളാം. (2 ശമൂവേൽ 12:23) ദൈവം അതിനു സഹായിക്കട്ടെ. ●

---

പേജ് 16 ന്റെ തുടർച്ച ("നല്ല പോർ പൊരുതി ഓട്ടം തികെച്ചു.....)

ളേയും ക്രിസ്തുയേശുവിങ്കൽ കാക്കും". ഇനിയും നമുക്ക് ഒരു പ്രത്യാ ശയുണ്ട്. ഉയിർപ്പിൻ പ്രഭാതത്തിൽ കാണാം. പ്രിയപ്പെട്ട മേരി ആന്റി കർത്താവിന്റെ വേല തികച്ചു വിശ്രമിപ്പാൻ കർത്താവു വിളിച്ച് അവി ടുത്തെ സന്നിധിയിൽ ആക്കി. കർത്താവിന്റെ രണ്ടാം വരവിൽ കാഹള നാദത്തിന്റെ ശബ്ദം കേൾക്കുമ്പോൾ ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കും, പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവ രോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘ ങ്ങളിൽ എടുക്കപ്പെടുകയും ചെയ്യും. കർത്താവിനുവേണ്ടി ചെയ്യുന്ന ശുശ്രൂഷയ്ക്ക് പ്രതിഫലം വാങ്ങാൻ മദ്ധ്യാകാശത്തിൽ ചെന്നുചേരു മ്പോൾ അന്ന് നമുക്ക് നമ്മുടെ പ്രിയപ്പെട്ടവരെ കാണാൻ കഴിയും. എന്റെ ഈ ചെറിയ അനുശോചനസന്ദേശത്തോടെ നിർത്തുന്നു. ●

# Remembering Mary Anchan -
## A Life Poured Out for Christ and Rural India



**Dr. C. V. John**
Bangalore

Mary Anchan was a true pioneer and visionary, far ahead of her time. Obedient to God's call, she left behind a promising medical career in Canada and the United States to serve the most neglected communities of Karnataka. With profound compassion and determination, she founded Rural India Mission Hospital a lifeline of hope for villages with little to no access to healthcare

Under her leadership, countless eye camps were conducted, and free cataract surgeries restored sight and dignity to the poor. Mary's work powerfully embodied the love of Christ in action meeting physical suffering with healing, and opening the door for the gospel through service. She also a gifted and prolific writer, using her words to inspire and mobilize others for mission.

Mary Anchan leaves a legacy of faith, sacrifice, and transformative service. She exemplified what it means to live the gospel fully to love the forgotten, uplift the vulnerable, and serve without counting the cost. She remains an ideal mission woman to emulate a life wholly surrendered to God for the sake of others.

●

## Quest 3 -ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ഗ്രേസ് ശാമുവേൽ. ഓമല്ലൂർ
2. സൂസമ്മ എബ്രഹാം, കോത്തല
3. ലൈല കെ. വിക്ടർ, പേരൂർക്കട
4. എൽസി തോമസ്, മീൻതുള്ളി
5. ഡെയ്സി ബിജോയ് ജോൺസ്, ഇടപ്പള്ളി
6. ലീല കെ.വി., പുളിക്കൽ കവല
7. ജെസ്സി മോൻസൺ, കരിയംപ്ലാവ്
8. സി. എം. മാമ്മൻ, കേന്ദ്രീയ വിഹാർ
9. ജോളി ഷാജി, കരുവാറ്റ, അടൂർ
10. മോളിക്കുട്ടി ചാക്കോ, കണ്ണൂർ
11. കുഞ്ഞുമോൾ ഈപ്പച്ചൻ, ഉള്ളൂർ
12. ലിസി ജേക്കബ്, മല്ലപ്പള്ളി
13. ബീനാ സുരേഷ്, കരകുളം
14. അന്നമ്മ എബ്രഹാം, പെരുമന്നൂർ
15. സുജ സുനിൽ, ആറാം കല്ല്
16. സജനി ഔസേഫ്, പോങ്ങുംമൂട്
17. വിദ്യാ ബാബു, പാറോട്ടുകോണം

ശേഷം പേജ് 28 കാണുക

# A Tribute to my Aunt - Mary Anchan



**Lisa Roxon, Canada**
(Daughter of George John)

Mary Anchan, my father's sister, Amminiammachi as I called her, was a remarkable woman whose life was a testament to faith, resilience, and grace. As a missionary worker in Tumkur, Karnataka, she dedicated decades of her life to serving others, bringing hope and compassion to communities in need. Through hospital ministry, she spread the gospel by providing free medical assistance to hundreds of poor people in and around Tumkur. Her work was not just about spreading the Christian faith-it was about embodying it. She did it all with unwavering conviction and a heart full of love.

What set Amminiammachi apart, however, was the rare blend of her deep spirituality and her infectious sense of humor. She had a gift for storytelling, often weaving wit and wisdom into her conversations, making even the most serious lessons feel light and accessible. Her laughter was warm and disarming, a reflection of her joyful spirit and her belief that faith should be a source of joy, not burden. My many memories of her include lots of laughter and giggles and in those moments, the difference in our ages was not a factor.

Mary Anchan was also a prolific writer, authoring numerous Christian books mainly in Malayalam, but I remember telling her to have some books translated into English so that I, and the rest of my cousins and our children, could read them and be inspired. Her writings, rich in theological insight and personal anecdotes, reflected her deep understanding of scripture and her experience as a woman of God. Her books were not just academic-they were heartfelt, practical, and deeply human.

After the passing of her husband - Charles Anchan and then her youngest son Raymond Anchan, these storms of life may have brought her low but never brought her down, as she believed in the Master of the Wind.

Even at the age of 98, Amminiammachi carried herself with a regal dignity that commanded respect. She was young at heart, her presence was serene yet powerful, her posture upright, her eyes bright with wisdom, kindness and a twinkle. She was a matriarch in every sense-graceful, strong, and deeply rooted in her beliefs. To know her was to witness a life lived with purpose, humor, and unshakable faith.

I always looked forward to hearing her voice, the timbre and her girlish laugh. I will dearly miss her, but I have the hope of seeing her one day. The One she loved has called her to Him, saying "Well done, my child." ●


## ശ്രീമതി മേരി അഞ്ചന് അവാർഡ്

ക്രൈസ്തവ സാഹിത്യ രംഗത്തു സുപരിചിതയും അപ്ഡേറ്റിലെ സ്ഥിരം എഴുത്തുകാരിയുമായ ശ്രീമതി. മേരി അഞ്ചൻ, തുംകൂർ, സാഹിത്യരംഗത്തു നല്കിയിട്ടുള്ള അതുല്യമായ സംഭാവനകൾ പരിഗണിച്ച് ക്രൈസ്തവ സാഹിത്യ അക്കാഡമി പുരസ്ക്കാരം നല്കി ആദരിക്കയുണ്ടായി.

ക്രൈസ്തവ സാഹിത്യ അക്കാഡമിയുടെ ആറാമതു സംസ്ഥാന വാർഷിക സമ്മേളനത്തോടനുബന്ധിച്ച് തിരുവല്ലാ സാൽവേഷൻ ആർമി ഹാളിൽ നടന്ന അവാർഡുദാനത്തിൽ വിവിധ അവാർഡുകൾ ലഭിച്ചവരിൽ ഡോ. പി.ജി. വർഗീസ്, റവ. ഡോ. വി. ഈ. വർഗീസ്, ശ്രീ. പി. ജെ. ഏബ്രഹാം, റവ. പി. ഐ. ഏബ്രഹാം, പ്രൊഫ. കോശി തലയ്ക്കൽ, സിസ്റ്റർ രാജമ്മ, ജേക്കബ് ചാലിൽ, ക്യാപ്റ്റൻ വി . ജെ. ഡേവിഡ്, ഡോ. എം. എം. തോമസ്, ശ്രീമതി. മേരി അഞ്ചൻ, ഡോ. മിസിസ്. അന്നമ്മ ഫിലിപ്പ്, ഡോ. ടി. വി. മാത്യു എന്നിവർ ഉൾപ്പെടുന്നു.

ശ്രീമതി മേരി അഞ്ചൻ ഒരു പ്രശസ്ത ഗ്രന്ഥകർത്ത്രി എന്നതു കൂടാതെ, റൂറൽ ഇൻഡ്യാ മിഷൻ ഹോസ്പിറ്റ (തുംകൂർ, കർണ്ണാടക) ലിന്റെ സ്ഥാപക ഡയറക്ടറും ആണ്.

# My Mother



**Harry S. Anchan**
Calgary, Canada

My name is Harry, the eldest son of Mrs. Mary Anchan. It is my privilege to write a few words about her.

God gave her a very long life during which she was determined to serve the Lord by helping the poor and sick of Tumkur. This desire arose from her brother being misdiagnosed resulting in his death. She always had an iron will to achieve her ambitions and in her case, her will coincided with the Lord's. She had a burden for people who were unfortunate and struggling in life. And had a heart for serving the Lord. Just as my father Charles, was immersed in evangelism, she was involved in reaching the unsaved in a different way- medical treatment. And, she demonstrated this passion through her years of selfless service. Her work was instrumental in restoring eyesight to 600 people through surgery, but those were only a fraction of her patients treated at RIMH

Not just that, but she was a frequent contributor to "Vanitha" and other magazines, as well as an author who had written more than a dozen books. She was active in her writing until the Lord called her home. I am sure readers of Vanitha will miss her writings but I am certain that her two brothers will carry on her long legacy. ●

---

## Quest 3 -ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ (തുടർച്ച...)

18. ലൈസ സാമുവേൽ, മുംബൈ
19. ബിന്ദു സി.എസ്., വഞ്ചിയൂർ
20. മോളി ഫ്രാൻസിസ്, ലൂർദ്ദ്പുരം
21. ജോളി എബ്രഹാം, കാട്ടുമുണ്ട
22. സുമ റെജി, തൃക്കണ്ണമംഗൽ
23. ആനി ജോൺസൻ, ചെമ്മന്തൂർ
24. രശ്മി സിജു, കുറ്റിയാണി
25. സൂസൻ തോമസ്സ്, പട്ടം

**ക്വസ്റ്റ് 3–ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി.**
**വിജയികൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ**

**ക്വിസ് മാസ്റ്റർ**

# Ammini Ammamma - My Aunty



**Vinod Charles John**
Dallas, U.S.A.

"Ammini Ammamma (as I called Dad's Sister) always amazed me with her constant zeal for the Lord's work and the resultant continual service to humanity. If she wasn't running the medical clinics, she was busy with her prolific and productive writing ministry or recounting the goodness and faithfulness of God to her family members and others.

The positivity she generated was contagious, with her extraordinary ability to make predicaments and problems always surmountable thru the Word of God and Christ's power. Regardless of what physical difficulties she had in her later years, she never magnified them but always believed God would make a way thru them all. It must be noted that overall she maintained a very active and healthy lifestyle for her age.

I will remember her for so many aspects of her qualities. One impactful thing most recently is Ammini Ammamma's daily calls to Dad and how much that meant to him especially after Mom went home to be with the Lord in 2018, for the past 7 years.

May we all have her passion for the Lord, His kingdom and soul "

## Quest 3 – ന്റെ ശരി ഉത്തരങ്ങൾ

| | |
|---|---|
| 1. ഹേഗായി (എസ്ഥേർ 2:3) | 11. അഹശ്വേരോശ് രാജാവ് (എസ്ഥേർ 10:1) |
| 2. നക്ഷത്രങ്ങളെ (ഇയ്യോബ് 9:7) | 12. ഹാമാൻ (എസ്ഥേർ 8:5) |
| 3. നെയ്ത്തോടം (ഇയ്യോബ് 7:6) | 13. സിംഹം (ഇയ്യോബ് 10:16) |
| 4. ഇയ്യോബ് (ഇയ്യോബ് 3:1) | 14. ഹഥാക്ക് (എസ്ഥേർ 4:5) |
| 5. ആശയറ്റവന്റെ (ഇയ്യോബ് 6:26) | 15. പൂഴിയിൽ (ഇയ്യോബ് 5:6) |
| 6. സേരെശ് (എസ്ഥേർ 5:10) | 16. ശ്രദ്ധയോടെ (ഇയ്യോബ് 8:5) |
| 7. അബീഹയിൽ (എസ്ഥേർ 2:15) | 17. ഭക്തി ആശ്രയവും, നിർമ്മലത പ്രത്യാശയും (ഇയ്യോബ് 4:6) |
| 8. ബിഗ്ദ്ധാനും, തേരെശും (എസ്ഥേർ 2:21) | 18. തേമയുടെ (ഇയ്യോബ് 6:19) |
| 9. ഒരു നിഴൽ (ഇയ്യോബ് 8:9) | 19. ദൈവം (ഇയ്യോബ് 9:9) |
| 10. നീരസം (ഇയ്യോബ് 5:2) | 20. എസ്ഥേർ (എസ്ഥേർ 7:6) |

# " Person Whom I am Fortunate to Call my Mother"



**Dr. Raymond M. Anchan M.D. Ph.D**

It is the steps that a person takes in his life that would determine the person's future. The character and abilities of that person would be reflecting in those steps. The story of Mary Anchan, my mother, also is not different. If you get acquainted with her, you will know that she is a person with an unusual personality. There is a possibility of even the most interesting or wonderful stories to remain untold or unknown and be forgotten in due course. At the same time, like the powerful under currents that stir up the mighty oceans, the undercurrent of life's experiences of some eminent people have changed the history of the world itself.

Here, it is a person's life story that started from a humble but well-educated household in a small village in Kerala, in the southernmost part of India. In those days when Indian women were most reluctant to leave their homes and go to distant places, she boldly travelled to unknown territories for the fulfilment of her mission. Even after her marriage with evangelist Charles Anchan, she had travelled a number of times to different parts of the world, either alone or along with her husband. Her perseverance, determination and forbearance were revealed through those journeys as well as many journeys she made on foot along the snow-covered and extremely cold streets of central Canada to earn a living for the family. Her special ability was in concentrating on the important things of her life in the noise-ridden world around her and separating them from the unimportant and unnecessary things of everyday life so as to fulfill her obligations to her family, husband and children and above all to serve her Lord and Master to the utmost.

I hope that by reading her latest book "Looking Back at the Paths I have Trodden" you will be able to understand to some extent the life so far of that unusual person called Mary Anchan who is loved and respected

by me and whom I am fortunate to call my mother. She is not only a path-finder, entrepreneur, writer, benefactor and possessor of a great dream, but also a child of God who loves the Lord deeply and serves Him.

My parents have made a firm decision soon after their marriage for full time gospel work and entered the mission field with faith. Even after a period of more than seventy years, they are able to proclaim whole-heartedly that "Faithful is he that called you". It is because of a change for the better that occurred in the outlook of my mother at the untimely demise of my uncle Raju Thomas John that a centre for the free treatment of the poor namely "Rural India Mission Hospital" was formed in Tumkur in 1968. Even though it is still in the form of a clinic where treatment is free to all, it continues unhindered in Lingapura, one of the villages in Tumkur, Karnataka.

It us quite impossible to reveal through an article or book the life story of a person with all its ramifications or the changes that happened in the lives of hundreds of people as a result of the empathetic feelings of a woman. Therefore the book that I mentioned above is only a short sketchy description of a life that has been well-spent in touching the heart and soul of many and continued to impart happiness to many. There is no place for laziness or boredom in the day to day life of my mother as she fully utilizes her time while staying in "Shanthisadan", her house in Tumkur.

In case you want to know which all Bible verses inspired my mother in her life, you should have asked her about it. However, I am quite certain that the scriptural promise "Faithful is he that called you, who also will do it" (1 Thess. 5:24) is included among them. It is my sincere wish that this narrative which is just a glimpse through one of the windows of the mansion of her life be a blessing to the readers and a testimony to understand the extent of the love and faithfulness of the God whom we serve. May the invaluable blessing of the Lord be on each and everyone of you.

( From the "Foreword" written by Raymond Anchan to Mary Anchan's book "Looking Back At the Paths I Have Trodden").

# Mary Anchan's Hospital Mission Work at Tumkur, Karnataka

## TIME CHART

| | | |
|---|---|---|
| April 30. 1951 | - | Getting married to Evg. Charles Anchan. |
| June 1951 | - | Start of Missionary work in Mysore city |
| June 1953 | - | Moving to Tumkur. Beginning evangelization of Tumkur |
| Sept.1956 | - | Raju's untimely death in Tumkur |
| Oct.1966 | - | Mary Anchan's first trip to Canada / USA 1968. Opening of RIMM (Rural India Medical Mission) Clinic at Sira Gate, Tumkur |
| 1969 | - | Buying plot for hospital at Lingapura |
| 1974 | - | RIMM clinic renamed RIMH (Rural India Mission Hospital) and moving to it's own premises. |
| 1974- 2019 | - | First aid and free medical treatment, ambulance service, trauma care, periodic medical check-up for pupils in neighbouring schools, eye surgery camps etc |
| 2020- 2023 | - | Temporary closure due to unavailability of doctors to treat covid patients. |
| 2024 | - | Merging of RIMH Trust with Sri Ajith Isaac's TIM Trust for the conversion of RIMH hospital in to a palliative care centre.<br><br>Demolition of old buildings and construction of new multi-storey building take place |
| July 1, 2024. | - | Evg. Charles Anchan passes away. Construction goes on unhindered. |

| | | |
|---|---|---|
| Oct.9, 2024 | - | Dr. Raymond Anchan (Mary Anchan's youngest son who was the 'go between' for the Anchan- Isaac negotiations passes away in Boston, USA |
| Oct. 2025 | - | Construction work continues in full swing. |
| 19 Oct. 2025 | - | Mary Anchan passes away in Tumkur. |
| 25 Oct. 2025 | - | Mary Anchan's funeral service in the Main Conference Hall of the New building. Burial thereafter at the Shanthisadan cemetary at the RIMH Campus. |
| 28 Oct. 2025 | - | Inauguration of the NIRAM RIMH PALLIATIVE CARE CENTRE<br>Fulfillment of Mary Anchan's<br>Mission and End of Time chart. |

●

## About Know Your Bible

"There are different approaches to study and teach the Bible. One way is to use study guides, some of which deal with the Bible from a historical perspectives, while other guides dwell on critical discussions of Bible prophecy and doctrine. Different devotional studies can also be used. Mrs. Mary Anchan's book Know Your Bible employs various aspects from all these different techniques. Thus it is appealing and useful to a wide variety of Bible students''.

**M.M. Zachariah**
'Evangelist, Kottayam

****************************************

"I have gone through the book with much interest. It is a useful addition to students of the Bible both children and adults... The questions in this book encourage the students to fully participate in Bible study groups. It also helps the person to read the Bible carefully'.

**K.C. Cherian**
Scripture Union & C.S.S.M. in Kerala

# യേശുവിന്റെ അമ്മ മറിയയ്ക്കു ദിവ്യപരിവേഷമോ?



**പാസ്റ്റർ സിബി പി. തോമസ്,**
**തിരുവനന്തപുരം**

യേശുവിന്റെ അമ്മ ബഹുമാനപ്പെട്ട മറിയയ്ക്കു വിവിധ ആത്മീയ-ദൈവിക-മദ്ധ്യസ്ഥ പരിവേഷങ്ങൾ ഇന്ന് നല്കപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ നമ്മുടെ വിശ്വാസത്തിനാധാരമായ വി.വേദപുസ്തകം എന്തു പറയുന്നു എന്ന് പരിശോധിക്കാം.

1. ദൈവം അരുളിച്ചെയ്യുന്നു ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്ക് ഉണ്ടാകരുത് (പ്രഥമ കല്പന പുറപ്പാട് 20:3).
2. യേശുക്രിസ്തു അരുളിച്ചെയ്തു. നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ (ലൂക്കൊസ് 3:8)

**മധ്യസ്ഥതയുടെ ഉപദേശം**

1. യേശുക്രിസ്തു അരുളിചെയ്തു: നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതു ഒക്കെയും പിതാവ് പുത്രനിൽ മഹത്ത്വപ്പെടേണ്ടതിനു ഞാൻ ചെയ്തുതരും. (യോഹന്നാൻ 14:13-14)
2. ദൈവശബ്ദം അപ്പൊ. പൗലൊസിലൂടെ, ദൈവം ഒരുവനല്ലോ, ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനും ഒരുവൻ. എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തു യേശു തന്നെ. (1 തിമൊഥെയൊസ് 2:5)
3. കാനാവിലെ കല്യാണവീട്ടിൽ വീഞ്ഞു തീർന്ന വസ്തുത യേശുവിനോട് മാനുഷികമായി മറിയ അറിയിക്കുകയാണുണ്ടായത്. അതിന്റെ ചുവട് പിടിച്ച് മറിയയെ മധ്യസ്ഥയാക്കിയതായി വിശുദ്ധ വേദപുസ്തകത്തിലോ ആദിമസഭയിലോ ഒരു ഉപദേശവും രൂപപ്പെട്ടിരുന്നില്ല. മാത്രമല്ല, ആ സംഭവം പര്യവസാനിക്കുന്നത് 11-ാം വാക്യത്തിലാണ്. യേശു തന്റെ മഹത്ത്വം വെളിപ്പെടുത്തി, ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു. (യോഹന്നാൻ 2:1-11).

**മറിയയുടെ സ്വയവിലയിരുത്തൽ**

1. മറിയയുടെ വാക്കുകൾ, എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു: എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു (യേശു-രക്ഷിതാവ്)

2. മറിയ സ്വയം വിശേഷിപ്പിക്കുന്നു; ദൈവത്തിന്റെ ദാസി തലമുറകൾ തന്നെ ഭാഗ്യവതി എന്ന് പറയും. (ലൂക്കൊസ് 1:48).
3. യേശുക്രിസ്തു നൽകിയ തിരുത്തലും - വ്യക്തതയും ഒരു സ്ത്രീ ഉച്ചത്തിൽ, നിന്നെ ചുമന്ന ഉദരവും നി കുടിച്ച മുലയും ഭാഗ്യ മുള്ളവ യേശുവിന്റെ മറുപടി, അല്ല, ദൈവത്തിന്റെ വചനം കേട്ട് പ്രമാണി ക്കുന്നവർ അത്രേ ഭാഗ്യവാൻമാർ എന്നു പറഞ്ഞു. (ലൂക്കൊസ് 11:27,28)
4. അപ്പൊസ്തലപ്രവൃത്തി 1-ൽ രക്ഷയും പരിശുദ്ധാത്മാവും അനി വാര്യമായ ഒരു സാധാരണ സ്ത്രീയായി മറ്റുള്ളവർക്കൊപ്പം മറിയയും മാളികമുറിയിൽ കാത്തിരുന്നു.
5. മറിയയ്ക്കു പില്ക്കാലത്തു വേറെയും മക്കൾ ജനിച്ചു.

**സംഗ്രഹം**

1. ദൈവം മാത്രം ആരാധനാ കേന്ദ്രം
2. യേശു ക്രിസ്തു മാത്രം ഏക മദ്ധ്യസ്ഥൻ
3. യേശുവിനു ഭൂമിയിൽ മനുഷ്യാവതാരം എടുക്കുവാൻ ദൈവം തിരഞ്ഞെടുത്ത - കൃപ ലഭിച്ച വിശിഷ്ട കഥാപാത്രമാണ് ബഹുമാന പ്പെട്ട മറിയ. ബഹുമാനപ്പെട്ട മറിയയെ ആരാധിക്കാമെന്നോ മറിയ യ്ക്കു ദൈവിക പരിവേഷമുണ്ടെന്നോ യാതൊരു വിധത്തിലും വേദപുസ്തകത്തിൽ ഒരിടത്തും പരാമർശിക്കുന്നില്ല ●

---

പേജ് 15 ന്റെ തുടർച്ച (ശ്രീമതി മേരി അഞ്ചനെ....)

ലോകത്തിന് നിരവധി ഗ്രന്ഥങ്ങളെയും ലേഖനങ്ങളെയും നല്കട്ടെ എന്നാശംസിക്കുന്നു. തനിക്കുള്ള താലന്ത് കർത്താവിനായി വ്യാപാരം ചെയ്യുന്ന ഒരുത്തമവിശ്വാസിയായ ഈ സഹോദരി “നല്ല ദാസിയെ” എന്നുള്ള വിളിക്ക് അർഹയാണ്. സ്വവിശ്വാസത്തിനും അറിഞ്ഞിരിക്കുന്ന സത്യത്തിനും വേണ്ടി ധീരതയോടെ പോരാടുന്ന ഒരു പടയാളിയാണ് ഈ സഹോദരി. ഈ ഗ്രന്ഥകാരിയുടെ ഞാൻ ഇവിടെ പ്രസ്താവിച്ച പുസ്തകങ്ങളെല്ലാം വായിക്കുവാൻ കൊള്ളാവുന്ന ഉത്തമഗ്രന്ഥങ്ങൾ തന്നെയാണ്.

ക്രൈസ്തവ സാഹിത്യസമിതിയുടെ അവാർഡ് സ്വീകരിക്കുന്ന ഈ സുദിനത്തിൽ ശ്രീമതി മേരി അഞ്ചന് എന്റെ വ്യക്തിപരമായും ഇവിടെ സന്നിഹിതരായിരിക്കുന്ന സഹൃദയസദസ്സിന്റെയും അകമഴിഞ്ഞ ആശംസകളർപ്പിച്ചുകൊണ്ട് ഞാൻ വിരമിക്കുന്നു. ●

BIBLE QUIZ

## ഈ ലക്കം Quest 4-ലെ ചോദ്യങ്ങൾ ഈയ്യോബിന്റെ പുസ്തകം 11 മുതൽ 42 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്നുമാണ്.

1. ചിറക് തെക്കോട്ടു വിടർത്തി പറക്കുന്ന പക്ഷി ഏത്?
2. നാസ്തിത്വത്തിന്മേൽ തൂക്കിയിട്ടിരിക്കുന്നത് എന്തിനെയാണ്?
3. എന്താണ് ഒരു വൃക്ഷംപോലെ തകർന്നുപോകുന്നത്?
4. ദീർഘായുസ്സോടെ ഇരിക്കുന്ന പക്ഷി ഏത്?
5. സോഫറിന്റെ ജന്മദേശം ഏത്?
6. പട്ടുപോയവർ എവിടെയോ അവിടെ അതുണ്ട്? അതിന്റെ പേർ എന്താണ്?
7. കാർമേഘത്തെ കനപ്പിക്കുന്നത് എന്തുകൊണ്ട്?
8. വഷളന്മാരുടെ കൂട്ടം എന്ത് പ്രാപിക്കും?
9. ന്യായം എന്തുപോലെ ഇരിക്കുമെന്നാണ് ഇയ്യോബ് പറയുന്നത്?
10. ദൈവം അഗാധകാര്യങ്ങളെ അന്ധകാരത്തിൽ നിന്ന് എവിടെ കൊണ്ടുവരുന്നു?
11. എലൂഹുവിന്റെ വംശം ഏത്?
12. അവൻ എന്നെ കൊന്നാലും ഞാൻ അവനെത്തന്നെ കാത്തിരിക്കും. ആരെ?
13. ദേവദാരുതുല്യമായ തന്റെ വാൽ അത് ആട്ടുന്നു ആര്?
14. ഇരട്ടപ്പല്ലുള്ള ജീവി ഏത്?
15. ........ പോലെ അവൻ വീട് പണിയുന്നു.
16. വചനങ്ങളെ ശോധന ചെയ്യുന്ന അവയവം ഏത്?
17. ഞങ്ങളെ വിട്ടുപോക; നിന്റെ വഴികളെ അറിവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. എന്ന് ദൈവത്തോടു പറയുന്നത് ആര്?
18. നീ എന്റെ അമ്മയും, സഹോദരിയും എന്ന് ഇയ്യോബ് എന്തിനെപ്പറ്റി പറയുന്നു?
19. യഹോവ ഇയ്യോബിനോട് എന്തൊക്കെ അണിഞ്ഞു കൊള്ളാനാണ് പറഞ്ഞത്?
20. വ്യഭിചാരിണിയുടെ കണ്ണ് എന്തിനെ കാത്തിരിക്കുന്നു?

### പ്രത്യേക ശ്രദ്ധയ്ക്ക്

ക്വെസ്റ്റ് 4-ന്റെ ഉത്തരങ്ങൾ 2025 ഡിസംബർ 30-നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം തപാൽവഴിയോ, വാട്ട്സ് ആപ്പിലോ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വാട്ട്സ് ആപ്പ് നമ്പർ** : **9087144349**

ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :

Good News Educational Society

P.O. Box 2501, M.C.P.O. Trivandrum - 695011


Niram RIMH Palliative Care Centre
Rural India Mission Hospital Campus
Tumkur, Karnataka

"ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു" (1 കൊരി. 1:23)

# ബൈബിൾ പ്രഭാഷണം

# ഫസ്റ്റ് ബാപ്റ്റിസ്റ്റ് ചർച്ച്

**ഗുഡ്ന്യൂസ് ബിൽഡിംഗ്,** ഉള്ളൂർ - ആക്കുളം റോഡ്

(Near Patheyam Restaurant), തിരുവനന്തപുരം - 11

**2025 നവംബർ 29 ശനി**

**വൈകിട്ട് 6.00 മുതൽ 8.30 വരെ**

## പ്രസംഗകൻ

## Rev. T. Sackson Simon

Director, Kerala Baptist Bible College, Kangazha, Kottayam



## ഏവർക്കും സ്വാഗതം

സഭയ്ക്കുവേണ്ടി,

**Dr. Charles John**
Elder & Founder of Good News Ministries
9446548079

**Pr. Abraham Joseph**
Church Pastor
9447610066

**സഭാ ആരാധന എല്ലാ ഞായറാഴ്ചയും രാവിലെ 10:00 മുതൽ 12:00 വരെ**

Printed at Grace Printers, Muttada, Trivandrum (Mob: 9447059891)
for Good News Educational Society, P.O. Box 2501, M.C.P.O. Trivandrum 11

For Private Circulation Only